# TRICHUR ARCHDIOCESAN BULLETIN

നവംബർ 2025 | വാല്യം: 92 | ലക്കം: 11

TAB




സാബത്തിനെക്കുറിച്ചു വിവാദം (മത്താ 12: 8)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542



TO TRIUNE GOD AND HIS PEOPLE

**നവംബർ 18ന് മെത്രാഭിഷേകത്തിന്റെ**
**എട്ടാം വാർഷികം ആഘോഷിക്കുന്ന**
**അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്**
**തൃശ്ശൂർ അതിരൂപത മക്കളുടെ**
**പ്രാർത്ഥനാശംസകൾ**

Trichur
Archdiocesan
Bulletin
TAB

ESTD:1934

നവംബർ 2025
ലക്കം: 11 | വാല്യം: 92
11

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| കച്ചേരിക്കാര്യം | 04 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 08 |
| സഹായമെത്രാന്റെ പരിപാടികൾ | 09 |
| നാളാഗമം | 11 |
| നാമകരണ നടപടികൾ | 16 |
| വൈദികർ | 21 |
| സന്യസ്തർ | 23 |
| സാമ്പത്തിക കാര്യാലയം | 29 |
| വിശ്വാസ പരിശീലനം | 31 |
| സ്ഥാപനങ്ങൾ | 37 |
| സംഘടനകൾ | 52 |



# കച്ചേരി വാർത്തകൾ

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ
### നവംബർ 2025

1 : സകല വിശുദ്ധരുടെയും തിരുനാൾ
സകല മരിച്ചവരുടെയും ഓർമ്മ (നവംബർ 2)
2 : പള്ളിക്കൂദാശ ഒന്നാം ഞായർ
5 : വി. സഖറിയ, വി. ഏലിശ്വാ
7 : ആദ്യവെള്ളി
9 : പള്ളിക്കൂദാശ രണ്ടാം ഞായർ
16 : പള്ളിക്കൂദാശ മൂന്നാം ഞായർ
സമ്പർക്ക മാധ്യമദിനം
21: മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം
പരി. കന്യകാമറിയത്തിന്റെ സമർപ്പണം
23: പള്ളിക്കൂദാശ നാലാം ഞായർ
മിശിഹായുടെ രാജത്വ തിരുനാൾ
30: വി. അന്ത്രയോസ് ശ്ലീഹാ

## 2. നവംബർ മാസത്തെ പരിപാടികൾ

03–04: ലിവ് & ലേൺ ബാച്ച് 1
05: മേജർ സെമിനാരി ഹോം ഡേ (10:00 am)
08: മൈനർ സെമിനാരി ഹോം ഡേ (10:00 am)
09: സമുദായ ജാഗ്രത സദസ്സ് (2:30 pm)
15 : കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗം (10:00 am)
17–18: ലിവ് & ലേൺ ബാച്ച് 2
20: ഫൊറോന വികാരിമാരുടെ യോഗം (10:00 am)
: ആലോചനസമിതി യോഗം (03:00 pm)
24: ഇന്റർ കൂരിയ മീറ്റിംഗ് (10:00 am)
25: വൈദികമാസധ്യാനം, വൈദികസമ്മേളനം & മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുകതിരുനാളാഘോഷം (10:00 am)
26–27: അതിരൂപത വൈദികരുടെ പിക്നിക്

**3. പള്ളിക്കൂദാശകാലം**

ആരാധനവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം.

മണവാളനായ മിശിഹായെ, മണവാട്ടിയായ സഭ അവളുടെ മക്കളോടൊപ്പം സ്വർഗീയ ഓർശ്ലേമാകുന്ന മണവറയിൽ വച്ചു യുഗാന്തത്തിൽ മുഖാമുഖം ദർശിക്കുകയും മണവാളനോടൊപ്പം മഹത്വീകൃതയായി നിത്യസൗഭാഗ്യ ത്തിലേക്ക് അവൾ പ്രവേശിക്കുകയും ചെയ്യുന്നതാണ് പള്ളിക്കൂദാശക്കാലത്തിൽ അനുസ്മരിക്കുന്നത്.

ഇവിടെ നമുക്കു നിലനില്ക്കുന്ന പട്ടണമില്ല എന്ന അവബോധത്തിൽ സ്വർഗ്ഗത്തിൽ പേരെഴുതപ്പെടാൻ തക്കവിധം ജീവിക്കാനും അതിൽ സന്തോഷിക്കാനുമാണ് സഭ നമ്മോട് ആവശ്യപ്പെടുന്നത്. കർത്താവും കുഞ്ഞാടുമാണ് സ്വർഗ്ഗത്തിലെ ദൈവാലയം എന്ന ഉൾക്കാഴ്ച നൽകികൊണ്ട് സ്വർഗത്തിൽ നടത്തപ്പെടുന്ന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയിലേക്ക് സഭാമാതാവ് വിശ്വാസികളെ ക്ഷണിക്കുന്നു.

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസഭയുടെ സ്വർഗീയ മഹത്ത്വരഹസ്യത്തിൽ പൂർത്തിയാകും വിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

**4. നാമഹേതുക തിരുനാൾ & മെത്രാഭിഷേക വാർഷികം**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും നവംബർ 18നു മെത്രാഭിഷേകവാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ. അന്നേദിവസങ്ങളിൽ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. സകല മരിച്ചവരുടെയും ഓർമ്മ:**

ഈ വർഷം നവംബർ 2 ഞായർ ആയതിനാൽ സകല മരിച്ചവരുടെയും ഓർമ്മദിനം നവംബർ 1 ശനിയാഴ്ചയാണ് ആചരിക്കേണ്ടത് എന്ന് ഓർമ്മിപ്പിക്കുന്നു.

**6. 25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ

ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

**7. ലിവ് & ലേൺ:**

ഈ വർഷത്തെ ലിവ് & ലേൺ നവംബർ 3,4; 17,18 തീയതികളിൽ രണ്ടു ബാച്ചുകളിലായി ഡി. ബി. സി. എൽ. സി. യിൽ നടത്തപ്പെടുന്നു. ബഹു. വൈദികർ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**8. കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗം:**

കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗം 2025 നവംബർ 15ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തപ്പെടുന്നു.

**9. വൈദിക മാസധ്യാനവും വൈദിക ഏകദിനസമ്മേളനവും:**

വൈദികരുടെ മാസധ്യാനം നവംബർ 25 ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**10. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2025 ഡിസംബർ 6-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 1.30ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**11. ക്രിസ്തു ജയന്തി ജൂബിലി വർഷസമാപനം:**

2025 ഡിസംബർ 14

**12. ഓഫീസ് അവധി:**

2025 ഡിസംബർ 20 മുതൽ 2026 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**13. വൈദികനിയമനം:**

1. ഫാ. സാജൻ വടക്കൻ- ഡയറക്ടർ ക്രൈസ്റ്റ് വില്ല, ഫിനാൻസ് ഓഫീസർ ആബാ ധ്യാനകേന്ദ്രം, അസി. കോർഡിനേറ്റർ വിയാനി ഭവൻ കൺസ്ട്രക്ഷൻ, ഇൻ-ചാർജ്ജ് ഓഫ് ജൂബിലി ആയുർവേദ കൂടി; അസി. ഫിനാൻസ് ഓഫീസർ,ഡയറക്ടർ മീഡിയ കത്തോലിക്ക സ്റ്റുഡിയോ കോംപ്ലക്സ്, ഫിനാൻസ് കോർഡിനേറ്റർ മീഡിയ കമ്മീഷൻ & കപ്ലോൻ സി. എസ്. സി. ജനറലേറ്റ് കോലഴി; സാധുത 2025 സെപ്തംബർ 10 മുതൽ.

2. ഫാ. സനോജ് അറങ്ങാശ്ശേരി - പഠനാവധി; ഡയറക്ടർ ക്രൈസ്റ്റ് വില്ല, ഫിനാൻസ് ഓഫീസർ ആബാ ധ്യാനകേന്ദ്രം, അസി. കോർഡിനേറ്റർ വിയാനി ഭവൻ കൺസ്ട്രക്ഷൻ, ഇൻ-ചാർജ്ജ് ഓഫ് ജൂബിലി ആയുർവേദ ഒഴിവായി; സാധുത 2025 സെപ്തംബർ 10 മുതൽ.

3. ഫാ. സിന്റോ പൊറുത്തൂർ- കണ്ണാറ ഇടവകയിലെ സേവനം ഒഴിവായി; സാധുത 2025 മെയ് 26 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

ഞാൻ നിന്നോടു
പറയുന്നു:
നീ പത്രോസാണ്;
ഈ പാറമേൽ എന്റെ
സഭ ഞാൻ സ്ഥാപിക്കും.
നരകകവാടങ്ങൾ
അതിനെതിരേ
പ്രബലപ്പെടുകയില്ല
(മത്താ. 16:18)

# ENGAGEMENTS

**NOVEMBER 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sat | Morning | All Souls' Day @ Lourdes Cathedral<br>Meet for the Writers- (PRO Golden Jubilee) @ ABP House |
| 2-3 | Sun | | Installation of Abp. Kuriakose Bharanikulangara @ Delhi |
| 4 | Tue | | Live & Learn |
| 5 | Wed | | Episcopal Ordination @ Belthangady |
| 6 | Thu | | Home Day @ Marymatha Major Seminary |
| 8 | Sat | Morning | Public Meeting - Golden Jubilee Celebration of SMC Sisters @ Cheroor |
| | | Afternoon | Declaration of Blessed Mother Eliswa @ Vallarpadam |
| 9 | Sun | Morning | Thirunal Qurbana @ Lourdes |
| | | Afternoon | Archdiocesean Level Samudaya Jagrada Sadas |
| | | Evening | Golden Jubilee Concluding Session@ Thaikkattussery |
| 11 | Tue | Morning | White Coat Ceremony @JMMC |
| | | Afternoon | Talents Day @ JMMC |
| 13 | | Evening | JMMC Trust Meeting |
| 14 | Fri | Morning | Holy Mass @ Spiritual Animation Centre, Amballur |
| 15 | Sat | Morning | Home Day @ Minor Seminary |
| | | Morning | Trustees and Accountants Meeting @ DBCLC |
| | | Noon | Holy Mass & Inauguration of Daivasabdam Convention |

| | | | |
|---|---|---|---|
| | | Afternoon | Archdiocesean Meet - PRO @ ABP House |
| | | Evening | Home Day - Public Meeting @ Minor Seminary |
| 16 | Sun | Afternoon | Parish Blessing @ Manalur West |
| 17 | Mon | Morning | Holy Mass @ SNDS Generalate |
| | | | Live & Learn |
| 18 | Tue | | Live & Learn |
| | | | Inter Church Council-Nicea1700 @ POC |
| 19-21 | Wed-Fri | | Decennial Celebration of CBCI Hospital @ Ranchi |
| 22-23 | Sat-Sun | | Inauguration of Diocesan Day @ Hossur |
| 24 | Mon | | Inter Curia Meeting @ Palakkad |
| 25 | Tue | | Priests Conference |
| 27-30 | Wed-Sun | | FABC: Asian Mission Congress @ Penang, Malasia |

## ENGAGEMENTS

**NOVEMBER 2025**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | Morning | Holy Mass At Basilica |
| | | | Holy Mass @ Thazhekkad |
| | | Evening | STC Kerala Piravi Global Meet |
| 02 | Sat | Morning | Marathakkara : Ollur Samudaya Jagratha Sadas |
| | | | SSVP 77th Jubilee celebration @ Koonammoochy |
| | | Afternoon | Kanchikode, Palakkad - Holy Mass, Message |
| 03-04 | | | Live & Learn |
| 04-06 | | | Balthangady: Episcopal ordination |
| 06 | Thu | Afternoon | Home day @ MMMS |

| | | | |
|---|---|---|---|
| | | Evening | Sneha sangamam @ Loude<br>Public relation Meeting @ ABH |
| 07 | Fri | Evening | Holy Mass @ Lourde, Kooduthurakkal |
| 08 | Sat | Morning | Mount Calvary, Cheroor, Golden Jubilee, Holy Mass |
| | | Afternoon | Archdiosesan Catechetical Council @ DBCLC |
| 09 | Sun | Morning | Holy Mass at Pudukkad, Pro life Koottayama Inauguration |
| | | Afternoon | Samudaya Jagratha Sadas |
| | | Evening | Daivasabhdam Convention |
| 10-13 | | | St Euphrasia Mission |
| 15 | | Morning | Trustess & Clerk Meeting @ ABH |
| | | Afternoon | Homeday @ SMMS |
| | | Afternoon | Vestition of FCC Sisters @ Manakkody |
| | | Evening | STARS Annual General Body: Oramacheppu @ STC |
| 16 | Sun | Morning | Holy Mass @ Kuttur |
| | | Evening | Holy Mass and Blessing @ pagarappilly |
| 17-18 | | | Live and Learn |
| 21 | Fri | Morning | Holymass @ SMMS |
| 22 | Sat | Morning | St Thomas UP Anniversary |
| | | Evening | STC Staff Family @ STC |
| 22-23 | | | Ujjain for Seminary Home Day |
| 24 | Mon | Morning | Class @ MMMS |
| 25 | Tue | Morning | Presbyterium |
| 26 | Wed | | Archdiocesan Priests' Picnic |
| 27 | Thu | Morning | Class @ MMMS |
| 28 | Fri | Morning | Holymass @ Spiritual Animation Centre |
| | | Evening | Kooduthurkkal @Basilica |
| 29 | Sat | Evening | Fourth Child Baptism at Kuriachira |
| 30 | Sun | Morning | Sneholsavam @ Padavarad |
| 30-31 | Thu | | LRC Meeting |



# നാളാഗമം

## സെപ്തംബർ 2025

1. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. ആബ്ബാ ധ്യാനകേന്ദ്രത്തിൽ കൗൺസിലർമാർക്ക് വേണ്ടിയുള്ള നവീകരണ ധ്യാനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കിഴക്കേ കല്ലൂർ ദൈവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് KCYM സംഘടനയുടെ നവീകരണയാത്രയ്ക്ക് നേതൃത്വം വഹിച്ചു.
2. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കോനിക്കര ഇടവകയിൽ തെക്കേക്കര സിൻേറാ-റോസ് ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ നൽകി. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ ദീർഘകാലം ശുശ്രൂഷ ചെയ്ത ശ്രീ. ലാസർ ചേട്ടന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നിലങ്കാവിൽ പിതാവ് കോട്ടയം വടവാതൂർ സെമിനാരിയിലേക്ക് പോയി.
3. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കിരാലൂർ ഇടവകയിൽ മുരിങ്ങാത്തേരി ജോവിൻസ്-സിയാ

ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ നൽകി. അഭിവന്ദ്യ പിതാക്കന്മാർ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപത കേന്ദ്രത്തിൽ വച്ച് നടത്തിയ ഓണാഘോഷ പരിപാടികളിലും പങ്കുചേർന്നു.

4. അഭിവന്ദ്യ ടോണി നീലങ്കവിൽ പിതാവ് പെരിഞ്ചേരി ദൈവാലയത്തിൽ നാലാമത്തെ കുട്ടിക്ക് മാമോദിസ നൽകി. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയിലെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം പാറേമ്പാടം പള്ളിയിൽ ബലിയർപ്പിച്ചു കപ്പേള വെഞ്ചിരിച്ചു.

6. അഭിവന്ദ്യ പിതാക്കന്മാർ ഫാദർ ആന്റണി കൊള്ളന്നൂരിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് അരിമ്പൂർ ദൈവാലയത്തിൽ നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. തുടർന്ന് ആമ്പക്കാട് ദൈവാലയത്തിൽ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു.

7. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ വാക ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും പുതിയതായി പണികഴിപ്പിച്ച കപ്പേളയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ പിയർ ജോർജ്ജ് ഫ്രസാത്തിയുടെ വിശുദ്ധ പദവി പ്രഖ്യാപന ചടങ്ങനോടനുബന്ധിച്ചുള്ള വിൻസെന്റ് ഡി പോൾ കൂട്ടായ്മയുടെ റാലി സമാപനത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പീച്ചി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

8. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചകഴിഞ്ഞ് മേരിമാതാ മേജർ സെമിനാരിയിൽ വച്ച് മേരിമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയും യൂണിവേഴ്സിറ്റിയുമായുള്ള അഫിലിയേഷൻ നവീകരണം നടത്തുകയും ചെയ്തു. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പീച്ചി ഇടവകയിൽ ഇടയ സന്ദർശനം തുടർന്നു.

9. രാവിലെ അഭിവന്ദ്യ പിതാക്കന്മാർ ആലോചന സമിതി മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ ശുശ്രൂഷ ചെയ്ത് സ്ഥലം മാറിപ്പോകുന്ന ഫാ. സാജൻ വടക്കന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാക്കന്മാർ അതിരൂപതാദിന ആഘോഷ കമ്മിറ്റി സമാപനയോഗ മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്

വൈകിട്ട് ബസിലിക്ക ഇടവകയിൽ നടന്ന ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് നെല്ലിക്കുന്ന് ദൈവാലയത്തിൽ നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. വൈകുന്നേരം തൃശൂർ നിർമ്മലമാതാ കോൺവെന്റ് സ്കൂളിലെ ഗ്രോട്ടോ വെഞ്ചിരിച്ചു.

10-12. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ന്യൂഡൽഹിയിൽ സി.ബി.സി.ഐ. മീറ്റിങ്ങിൽ പങ്കെടുത്തു.

10. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട ആൻറണി കൊള്ളന്നൂർ അച്ചനു വേണ്ടി ബലിയർപ്പിച്ചു. വൈകുന്നേരം എം.ഐ. ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

11. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കൂനംമൂച്ചി ദൈവാലയത്തിൽ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

12. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സ്പിരിചൽ ആനിമേഷൻ സെന്ററിൽ ബലിയർപ്പിച്ചു.

13. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ഫാമിലി അപ്പോസ്തോലേറ്റിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന സംഘടന ഏകോപന സമിതി മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പാലക്കൽ പള്ളിയിൽ നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി.

14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കോളങ്ങാട്ടുകര ഇടവക റൂബി ജൂബിലിയോട് അനുബന്ധിച്ചുള്ള വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് പാലാ മെഡിസിറ്റി ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. വൈകീട്ട് വാർഷിക ധ്യാനം ആരംഭിക്കുന്ന വൈദികരെ ജറുസലേം ധ്യാനകേന്ദ്രത്തിൽ സന്ദർശിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മുള്ളൂർക്കര ഇടവകയിൽ വൈദിക മന്ദിരം വെഞ്ചിരിച്ചു. ഉച്ചയ്ക്ക് കൊട്ടേക്കാട് ഇടവകയുടെ വനിതാ സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് മീഡിയ കത്തോലിക്കയുടെ അവാർഡ് ഡേ പരിപാടിയിൽ പങ്കെടുത്തു.

15. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ബസിലിക്ക ദേവാലയത്തിലെ ഊട്ടു തിരുനാളിനോടനുബ

ന്ധിച്ചുള്ള തിരുകർമ്മങ്ങളിൽ പങ്കെടുത്തു.

15-19. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് അതിരൂപതയിലെ വൈദികരുടെ ധ്യാനത്തിൽ പങ്കെടുത്തു.

16. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ബസിലിക്ക ഇടവകയുടെ ശതാബ്ദി വർഷത്തോടനുബന്ധിച്ച് ഡയാലിസിസ് മെഷീനിന്റെ വിതരണം നടത്തി.

19. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് ആലോചന സമിതി യോഗത്തിൽ പങ്കെടുത്തു.

21. അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യ ഭാഗത്തിന് അഭിവന്ദ്യ പിതാക്കന്മാർ കാർമികത്വം വഹിച്ചു. തുടർന്ന് പിതാവിന്റെ ഭൗതികശരീരം ബസിലിക്ക ദൈവാലയത്തിലേക്ക് പൊതുദർശനത്തിനായി യാത്രയാക്കി. വൈകിട്ട് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ ഭൗതിക ശരീരവും വഹിച്ചുകൊണ്ടുള്ള വിലാപയാത്രയിൽ പങ്കെടുത്തു. തുടർന്ന് ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന വി. കുർബാനയ്ക്കും കാർമികത്വം വഹിച്ചു.

22. രാവിലെ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

22-26. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് അതിരൂപതയിലെ വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാതാ സെമിനാരിയിൽ വച്ച് നടക്കുന്ന വൈദികരുടെ വാർഷിക ധ്യാനത്തിന്റെ വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യ ടോണീ നിലങ്കാവിൽ പിതാവ് പടവരാട് ദൈവാലയത്തിൽ ബലിയർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജിന്റെ നാഷണൽ സെമിനാറിൽ പങ്കെടുത്തു. വൈകുന്നേരം ക്രിസ്ഫോമിന്റെ പരിപാടി ഉദ്ഘാടനം ചെയ്തു. ശേഷം ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

27. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ചിയ്യാരം വിജയമാതാ ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും പുതിയതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. സി എം ഐ പ്രേഷിതാരാം ഭവനത്തിൽ മരണമടഞ്ഞ ഫാ. റാഫേൽ പുല്ലോക്കാരന്റെ ഭൗതികദേഹം സന്ദർശിക്കുകയും ഒപ്പീസ്

ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് തൃശൂർ മൈനർ സെമിനാരിയിൽ ബലിയർപ്പിച്ചു. ചിറ്റിശ്ശേരി ദയാ സദനിൽ ബലിയർപ്പിച്ചു.


28. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തലോർ ഉണ്ണിമിശിഹാ ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകിട്ട് മേരിമാതാ മേജർ സെമിനാരിയിൽ വച്ച് ആരംഭിച്ച വൈദികരുടെ വാർഷിക ധ്യാനത്തിന്റെ മൂന്നാം ബാച്ച് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചകഴിഞ്ഞ് ബസിലിക്ക ദേവാലയത്തിൽ നടന്ന ഏഡൻ ട്രസ്റ്റിന്റെ ഫൊറോന സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ആളൂർ ദൈവാലയത്തിൽ ബലിയർപ്പിച്ചു.

29. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

29-30. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വൈദിക പരിശീലനവുമായി ബന്ധപ്പെട്ട സെമിനാറിൽ പങ്കെടുക്കാൻ മൗണ്ട് സെന്റ് തോമസിൽ പോയി.

**അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് അപ്പോൾ അവൻെറ ശിഷ്യൻമാർ അനുസ്മരിച്ചു.**
**(യോഹ. 2:17)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 69-ാം ശ്രാദ്ധാചരണം 2025 ഒക്ടോബർ 1 മുതൽ 13 വരെ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ വെച്ച് വിവിധ പരിപാടികളോടെ ആചരിക്കുകയുണ്ടായി. വി. ബലിയർപ്പണങ്ങൾക്ക് മുഖ്യകാർമ്മികത്വം നൽകിയത് തൃശൂർ അതിരൂപതയിലെ വിവിധ ഫൊറോന വികാരിമാരായിരുന്നു. അഖണ്ഡ ജപമാല യർപ്പണദിനം, 13 മണിക്കൂർ ആരാധന, ഉപവാസദിനം, അഖിലകേരള ചിത്രരചനാ മത്സരം, വാഹന വെഞ്ചിരിപ്പ്, ആയുർവേദ മെഡിക്കൽ ക്യാമ്പ്, ഇടവക ദമ്പതി സംഗമം, എക്യുമെനിക്കൽ ദിനാചരണം, അഖണ്ഡ ബൈബിൾ പാരായണ ദിനം, ഇടവക വയോജന സംഗമം, വൈദികസമർപ്പിത സംഗമം, ഒരുക്കധ്യാനം, ഇടവക യുവജന സംഗമം എന്നിവയെല്ലാം സംഘടിപ്പിച്ചു. ഒക്ടോബർ 12-ാം


തിയതി വൈകീട്ട് 6.30ന് ആഘോഷമായ റാസ കുർബാന, ഫാ. ബെന്നി കിടങ്ങന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. അന്നേദിനം ധന്യനായ ഊക്കനച്ചന്റെ ഇടവകയായ പറപ്പൂർ സെന്റ് ജോൺസ് ഫൊറോന പള്ളിയിൽ നിന്നും സീനിയർ സി. എൽ. സിയുടെ നേതൃത്വത്തിൽ നൂറുകണക്കിനാളുകൾ പദയാത്രയായി ചൊവ്വന്നൂരിലെത്തി. ശ്രാദ്ധദിനമായ ഒക്ടോബർ 13ന് വിവിധ മേഖലകളിൽ നിന്നുള്ള പദയാത്രകൾ രാവിലെ 10.15ന് പള്ളി യങ്കണത്തിൽ എത്തിചേരുകയും ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ അവരെ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 12 ഓളം വന്ദ്യവൈദികർ ഒന്നുചേർന്ന് ആഘോഷമായ സമൂഹബലി അർപ്പി ക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ സന്ദേശത്തിൽ നിന്നും ദിനം മുഴുവൻ ദൈവചിന്തകൾ കൊണ്ട് നിറഞ്ഞ വ്യക്തിത്വത്തി നുടമയാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ദൈവരാജ്യ ത്തിന്റെ ശുശ്രൂഷകളെല്ലാം ഒട്ടും ചോർന്നുപോകാതെ ഇന്നും തുടർന്നു പോകുന്നതിന് അദ്ദേഹം കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സന്യാസിനി സമൂഹം സ്ഥാപിച്ചു. ദൈവത്തിന് വേണ്ടി ജീവിക്കേണ്ടത് എങ്ങനെയെന്നുള്ളതിന് അദ്ദേഹം വളരെ നല്ല മാതൃക നൽകി. സാമൂഹ്യപ്രവർത്തനം നടത്തിയാൽ അത് എങ്ങനെ ആയിരിക്കണമെന്ന് സ്വജീവിതം കൊണ്ട് നമ്മെ പഠിപ്പിച്ചു. ആത്മീയമായ അടിത്തറയുള്ള രാഷ്ട്രീയ പ്രവർത്തനം എങ്ങനെ നടത്താമെന്നുള്ളത് ചൊവ്വന്നൂരിന്റെ പഞ്ചായത്ത് പ്രസിഡന്റ് എന്ന സ്ഥാനം വഹിച്ചുകൊണ്ട് നമുക്ക് കാണിച്ചുതന്നു. ആത്മീയജീവിതത്തിന് മറ്റെന്തിനേക്കാളും പ്രാധാ ന്യം കൊടുത്തു. ജീവിതത്തിലെ പല കാര്യങ്ങളിൽ ഒന്നായി മാത്രം അതിനെ കണ്ടില്ല. നമ്മുടെ ആരാധനയും, ആത്മീയതയും ദൈവാ ലയത്തിൽ മാത്രം ഒതുങ്ങിപോകുന്ന കാലഘട്ടത്തിൽ ധന്യനായ ഊക്കനച്ചൻ ദൈവാലയത്തിൽ നിന്നും ശക്തി സംഭരിച്ച് അനുദിന ജീവിത കർത്തവ്യങ്ങളിലേയ്ക്ക് പ്രസരിപ്പിച്ചു. ദൈവധ്യാനചിന്ത കളും പ്രവർത്തനങ്ങളും സംയോജിപ്പിച്ച് ജീവിച്ച അദ്ദേഹത്തിന്റെ ആത്യന്തിക ലക്ഷ്യം സ്വർഗ്ഗത്തിലെത്തി ചേരുകയെന്നതായിരുന്നു. ഒപ്പം ആത്മാക്കളെ നേടുകയും അതിനായി ആരാധനയുടെ തുടർ ജീവിതമെന്നതുപോലെ നഷ്ടപ്പെട്ടതിനെ തേടി പോകുന്നതിനും കണ്ടെത്തി ആലയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. അങ്ങനെ പ്രേഷിത ചൈതന്യം ഉൾക്കൊണ്ട

ഇടവക വൈദീകനായിരുന്നു ധന്യനായ ഊക്കനച്ചൻ. അതിനാൽ തന്റെ അടുത്ത് വന്നവരുടെയെല്ലാം മുൻപിൽ ക്രിസ്തുവിന്റെ സുവിശേഷമായി തീർന്നു ഈ പുരോഹിത ജീവിതം. പാവങ്ങൾക്ക് വേണ്ടി ജീവിച്ച ഈ വന്ദ്യ വൈദികന്റെ സിദ്ധി ഇന്നും തിരുസഭയുടെ കാരിസമായി നിലകൊള്ളുന്നു എന്നുള്ളത് ഈ പുരോഹിത ശ്രേഷ്ഠന്റെ മഹത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു.

വി. ബലിയ്ക്ക് ശേഷം കബറിടത്തിൽ പുഷ്പാർച്ചന, സമ്മാന ദാനം, നവജാതശിശുക്കൾക്ക് ചോറൂണ്, നേർച്ച ഭക്ഷണം എന്നിവ ഉണ്ടായിരുന്നു. കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി യുടെ വികർ ജനറൽ ബഹു. സി. ഷെൽറ്റി ഏവർക്കും നന്ദി പറഞ്ഞു. ജനസഹസ്രങ്ങൾ ആദ്യന്തം പരിപാടികളിൽ പങ്കെടുത്ത് ധന്യനായ ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടി.

**അവൻ ചോദിച്ചു: അങ്ങനെയെങ്കിൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ? അവൻ പറയുന്നു:**
**(മത്താ. 22:43)**

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



**മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ**

മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അന്തോണിയച്ചൻ നൽകുന്ന വിചിന്തനങ്ങൾ നമുക്ക് പരിശോധിക്കാം. ദൈവം ജോബിനെ പരീക്ഷിക്കുന്നതിന് അനുവദിച്ചു. എന്നാൽ 'നീ അവന്റെ ആത്മാവിനെ (സ്വാതന്ത്ര്യത്തെ) തൊടരുതെന്നു' മുടക്കിയ ദൈവം മനുഷ്യബോധത്തെ എത്ര വിലവെയ്ക്കുന്നുവെന്ന് നോക്കുക. എന്നാൽ മദ്യപൻ ഇതിനെയല്ലേ നശിപ്പിക്കുന്നത്.

ഇനി ശരീരം. നാം വിധിദിവസത്തിൽ ഉയിർക്കുമെന്ന് അറിയുന്നു. എന്നാൽ മനുഷ്യശരീരം – മണ്ണുകൊണ്ട് ഉണ്ടാക്കപ്പെട്ട ശരീരമാണ് – ഉയിർക്കുന്നത്. ഉയിർപ്പിന്റെ സമയത്ത് മദ്യപന്റെ അടുക്കൽ വരുമ്പോൾ' അയ്യോ ഞാൻ മണ്ണുകൊണ്ടാണല്ലോ മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ

ഇവന്റെ ശരീരം കള്ളുമയം, കള്ളായിരിക്കുന്നുവല്ലൊ. എങ്ങനെ താനുയിർപ്പിക്കും. എന്നു കർത്താവ് പറയേണ്ടിവരും! താൻ വേറൊരു അതിശയം കൂടി ചെയ്യേണ്ടിവരും.

മദ്യപന്റെ ഭാര്യ: ഇത്ര ദയനീയമായ വസ്തു വേറൊന്നും ലോകത്തിൽ ഇല്ല. നിർജ്ജീവ വസ്തുക്കളാകട്ടെ സ്വജാതിയിൽ (സ്വഭാവത്തിൽ) പെട്ട പരമാണുക്കളാലും അണുക്കളാലും യോജിക്കപ്പെട്ടവയാണ്. ജീവവസ്തുക്കൾ കൂടുതൽ ദൂരത്തിൽ നിൽക്കുന്നവയെങ്കിലും കുസുമങ്ങൾ കാറ്റാലോ, വണ്ട്, തേനീച്ച ഇവയുടെ കാലുകളാലോ വഹിക്കപ്പെടുന്ന സ്വജാതീയമായ ചെടിയാൽ സന്തോഷിക്കുകയും ഫലഭൂയിഷ്ഠമാക്കപ്പെടുകയും ചെയ്യുന്നു. പക്ഷികളാകട്ടെ പക്ഷികളോടു യോജിപ്പിക്കപ്പെടുന്നു. നിഷ്കളങ്കയായ പ്രാവും അതുപോലെ. എന്നാൽ മദ്യപന്റെ ഭാര്യക്ക് മാത്രം ഈ ഭാഗ്യമില്ല. ഒരു മൃഗത്തോടാണ് അവൾ ബന്ധിക്കപ്പെട്ടിരിക്കുന്നത്.

മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി ഫാദർ തോമസ് അക്കരപ്പറ്റി നല്കുന്ന ചിന്തകളും അന്തോണിയച്ചൻ പങ്കു വെക്കുന്നു. 'നീ അന്ധതയുടെ അരൂപിയെ അവന്റെ ഹൃദയത്തിലേക്ക് യാത്രയാക്കി'. ('പ്രകാശത്തിലേക്ക് അല്ല കൂരിരുട്ടിലേക്കാണ് അവിടുന്ന് എന്നെ തള്ളിവിട്ടത്' എന്ന് വിലാപത്തിന്റെ പുസ്തകം 3: 2 പറയുന്നു). ഈ അന്ധതയുടെ അരൂപി എന്തായിരിക്കും എന്ന് ആലോചിച്ചു നോക്കി. അത് പിശാച് ആയിരിക്കില്ല. ആത്മാവിനെ (ഹൃദയത്തെ) നേരിട്ട് തൊടാനും ഇരുട്ടാക്കാനും പിശാചിന് സാധ്യമല്ല. ഈ അന്ധതയുടെ അരൂപി മദ്യലഹരി മാത്രമാണ്. മനുഷ്യഹൃദയത്തെ തീരെ മറച്ചുകളയുന്നതിന് സാധിക്കുക ഇതിനു മാത്രമാണ്. ഹൃദയത്തെ എന്ന് മാത്രമല്ല മനുഷ്യനെ മുഴുവനും അടിതൊട്ട് മുടിവരെയും അന്ധനാക്കുന്നു. മദ്യപാനം കുട്ടിപ്പിശാച് ആകുന്നു. മദ്യപന്റെ ഭാര്യ.... ഇത്ര ദയനീയമായ ഒരവസ്ഥയിൽ മറ്റൊരാളെയും കാണാനാകില്ല.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര | 02 |
| ഫാ. മനോജ് താണിക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ജാക്സൻ ചാലക്കൽ | 04 |
| ഫാ. ചെറിയാൻ പാറക്കൽ | 04 |
| ഫാ. പ്രിജോവ് വടക്കേത്തല | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 05 |
| ഫാ. സിബിൻ ഊക്കൻ | 05 |
| ഫാ. ജോർജ്ജ് കോമ്പാറ | 08 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 11 |
| ഫാ. സോണി കിഴക്കൂടൻ | 12 |
| ഫാ. ജോസ് തത്രത്തിൽ | 12 |
| ഫാ. സനൽ മാളിയേക്കൽ | 14 |
| ഫാ. റോയ് വേളക്കൊമ്പിൽ | 14 |
| ഫാ. റോജോ എലുവത്തിങ്കൽ | 15 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 20 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| ഫാ. ഡെറിൻ അരിമ്പൂർ | 23 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. ജോർജ്ജ് തേർമഠം | 23 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. ബ്രിൽവിൻ ഒലക്കേങ്കിൽ | 25 |
| ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 25 |
| ഫാ. ജോസ് ഐനിക്കൽ | 28 |
| ഫാ. ക്ലിൻസൺ കാട്ടിപറമ്പൻ | 30 |




| | |
|---|---|
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |




| | |
|---|---|
| ഫാ. ജോർജ്ജ് പുളിക്കൻ | 14.11.1854 |
| ഫാ. വറീത് കടവി | 04.11.1890 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09.11.1893 |
| ഫാ. ആന്റണി മഞ്ഞളി | 09.11.1895 |
| ഫാ. തോമസ് തെക്കേക്കര | 17.11.1895 |
| ഫാ. പോൾ ആലപ്പാട്ട് | 14.11.1920 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07.11.1933 |
| ഫാ. ജോൺ ഊക്കൻ | 20.11.1944 |
| ഫാ. ജോസഫ് ചിറയത്ത് | 12.11.1946 |
| ഫാ. ജോസ് മേനാച്ചേരി | 15.11.1954 |
| ഫാ. ജോസ് ഇരിമ്പൻ | 09.11.1957 |
| ഫാ. ജോൺ കിഴക്കൂടൻ | 15.11.1960 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20.11.1967 |
| ഫാ. പോൾ അമ്പൂക്കൻ | 11.11.1969 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17.11.1971 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16.11.1980 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10.11.1987 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23.11.2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 20.11.2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04.11.2014 |
| ഫാ. പീറ്റർ പാലയൂർ | 21.11.2015 |
| ഫാ. ജോൺ കൊള്ളന്നൂർ | 19.11.2017 |
| ഫാ. അഗസ്റ്റിൻ മംഗലം | 07.11.2021 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 26.11.2022 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

തൃശൂർ അതിരൂപതാ മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് CRI EXECUTIVE അംഗങ്ങൾ ആദരാഞ്ജലികളർപ്പിച്ചു. കേരളത്തിലെ മുഴുവൻ CRI യൂണിറ്റുകളിലെയും ഭാരവാഹികളുടെ ഒരു യോഗം സെപ്റ്റംബർ 27 ശനിയാഴ്ച എറണാകുളം പി.ഒ.സിയിൽ വെച്ച് നടന്നു. ഈ മീറ്റിംഗിൽ CRI പ്രസിഡന്റ് റവ. ഫാ. സിജോ പൈനാടത്ത്, വൈസ് പ്രസിഡന്റ് റവ. സി. മർട്ടീന, സെക്രട്ടറി റവ. സി. ജോളി ചിറ്റിലപ്പിള്ളി, ട്രഷറർ റവ. സി. ജീന തോമസ്, എക്സിക്യൂട്ടീവ് അംഗം റവ. സി. ഹെലൻ റോസ് എന്നിവർ സംബന്ധിച്ചു.

**എഫ്.സി.സി**

പ്രോവിൻസിന്റെ കീഴിലുള്ള ASSSET ന്റെയും തൃക്കൂർ അൽഫോൻസാ സോഷ്യൽ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ തൊഴിൽരഹിതരായ 100 സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും സ്ഥിരമായ തൊഴിലും ഒരുക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്ന പരിശീലന ക്യാമ്പിന്റെ രണ്ടാം സെഷൻ തൃക്കൂർ അൽഫോൻസാ സോഷ്യൽ സെന്ററിൽ ആരംഭിച്ചു. സെപ്റ്റംബർ 13-ാം തീയതി തൃശൂർ എം ഐ കോൺവെന്റ് ഓഡിറ്റോറിയത്തിൽവെച്ച് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനായി ബ. ഫാ. വർഗ്ഗീസ് പുളിക്കൽ (EKM), ബ. ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ (TSR) എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ധ്യാനം സംഘടിപ്പിച്ചു. തൃശൂർ DBCLC യിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫിലോ ജീസ് സംബന്ധിച്ചു. സെപ്റ്റംബർ 17-ാം തീയതി കുട്ടംകുളം ആബ്ബാ കോൺവെന്റിൽ 5 ഉം കെനിയായിൽ 3 ഉം ഉൾപ്പെടെ 8 അർത്ഥിനികൾ Pre-

Postulancy Phase I ലേക്ക് പ്രവേശിച്ചു. സെപ്റ്റംബർ 20 ന് പാലാ പാസ്റ്ററൽ സെന്ററിൽ നടന്ന SMRC യുടെ വാർഷികസമ്മേളനത്തിൽ അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫിലോ ജീസ് സംബന്ധിച്ചു. സെപ്റ്റംബർ 28, 29 തീയതികളിലായി ആലുവ ജനറലേറ്റിൽ സംഘടിപ്പിച്ച Compassionate Communication Training ന്റെ ഓറിയന്റേഷൻ പ്രോഗ്രാമിൽ സി. റാണി തെരേസ്, സി. ജ്യോതിസ്, സി. അലീന ലിസ്ബത്ത്, സി. നാൻസി അൽഫോൻസ് എന്നിവർ സംബന്ധിച്ചു.

**സി.എം.സി**

ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 6 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് Rev. Fr. Sijo Antony CRC നയിച്ച വാർഷിക ധ്യാനത്തിൽ 60 സിസ്റ്റേഴ്സ് പങ്കെടുത്ത് ആത്മീയ ഉണർവും കരുത്തും നേടി. 6 ന് തൃശൂർ സെന്റ് മേരിസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ Gems camp ൽ മൂന്നൂറോളം കുട്ടികൾ പങ്കെടുത്തു. സെപ്റ്റംബർ 13 ന് തൃശൂർ സി.എം.സി നിർമ്മല പ്രോവിൻസിന്റെ പ്രോവിൻസ് ഡേ വിവിധ പരിപാടികളോടെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. September മാസത്തിൽ സാവിയോ ഹോം മനക്കൊടി, ക്രൈസ്റ്റ് വില്ല പെരുമ്പ, സെന്റ് തെരേസാസ് മണലൂർ, സെന്റ് ജോർജ് കണിമംഗലം, കൃപാതീർത്ഥം തൃശ്ശൂർ, ലേഡി ഫാറ്റിമ ഒല്ലൂർ, സേവനാലയം ചിയ്യാരം, കാർമൽ മൗണ്ട് മുള്ളൂർക്കര എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ കാനോനിക സന്ദർശനം നടത്തി. പാലായിൽ വെച്ച് നടന്ന SMRC യുടെ General Body Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ സംബന്ധിച്ചു. വിശ്വാസരൂപികരണത്തിന്റെ ഭാഗമായി പ്രൊവിൻഷ്യൽ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ Kuriachira State School, Chiyyaram, Kottapady, Pudkad എന്നി സ്കൂളുകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.

Prestigious James Alberione Award (From Pune) ഉം തൃശ്ശൂർ അതിരൂപതാ പബ്ലിക്ക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡും ക്യാമറ നൺ സി. ലിസ്മി സി.എം.സി കരസ്ഥമാക്കി. തൃശ്ശൂർ സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ സി.സാന്ദ്ര തെരേസ് മുഞ്ഞ ചെടിയുടെ ഇലകളിൽ നിന്നും eco - friendly ആയി നിർമിക്കുന്ന സിൽവർ നാനോപാർട്ടിക്കിളുകൾ ഉപയോഗിച്ച് ബാക്റ്റീരിയകളെ കൊല്ലാതെത്തന്നെ അവയുടെ വളർച്ചയും രോഗ കാരണമാകുന്ന ടോക്സിനുകളുടെ ഉൽപാദനവും തടയുവാനുള്ള ഒരു സാങ്കേതികരീതി വികസിപ്പിച്ചെടുത്തു. ഇതിനു ജർമ്മനിയിൽ നിന്നും ഇന്റർനാഷണൽ patent കരസ്ഥമാക്കി. സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്ക്കൂൾ

ഹെഡ്മിസ്ട്രസ് സി. ആഗ്നസ് 2025-2026 ലെ സംസ്ഥാന അവാർഡിന് അർഹയായി.

അധ്യാപന നിയമനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് വെച്ച് നടന്ന പ്രതിഷേധ റാലിയിൽ കോപ്പറേറ്റീവ് മാനേജർ സി. സ്റ്റെല്ല റോസും, ടീച്ചേഴ്സും പങ്കെടുത്തു. 28 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് നടത്തി. ആരോഗ്യ സേവനങ്ങളിൽ സി.എം.സി സഭയുടെ 100 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ & ചൂണ്ടൽ സെന്റ് ജോസഫ് എന്നീ ആസ്പത്രികൾക്ക് കോലഴി നിർമല പ്രോവിൻസ് നൽകിയ ഡയാലിസിസ് മെഷീന്റെ ഉദ്ഘാടനകർമ്മം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ നിർവ്വഹിച്ചു.

**സി.എച്ച്.എഫ്**

ഫാ. ആന്റണി കൊള്ളന്നൂർ അച്ചൻ മരിച്ചതറിഞ്ഞ് സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസും കൗൺസിലേഴ്സും മറ്റു സിസ്റ്റേഴ്സും പോയി നിത്യശാന്തിക്കായി പ്രാർത്ഥിച്ചു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനൊരുക്കമായി ബ്രദർ തോമസ് കുമളിയുടെ നേതൃത്വത്തിൽ പരിശുദ്ധ അമ്മയെ കുറിച്ചുള്ള ക്ലാസും ഫാ. ജോൺ പേരാമംഗലത്തിന്റെ നേതൃത്വത്തിൽ ആരാധനയും നടത്തി. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിലെ ആസ്പിരൻസ് ഒളരി ഹോളി ഫാമിലി കോൺവെന്റിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസ്സിൻ തെരേസിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ പോസ്റ്റുലൻസിയിലേക്ക് പ്രവേശിച്ചു. വി. മറിയം ത്രേസ്യായുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് അരണാട്ടുകര ഇൻഫെന്റ് ജീസസ് സ്കൂളിൽ നവജ്യോതി കോപ്പറേറ്റ് ഏജൻസിയുടെ കീഴിൽ സേവന മനുഷ്ഠിക്കുന്ന അധ്യാപകർക്കായി കഥ, കവിത, ലേഖന മത്സരങ്ങൾ സംഘടിപ്പിച്ചു. സി എച്ച് എഫ് നവജ്യോതി കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ കുട്ടികൾക്കായി മറിയം ത്രേസ്യ ബഡ്സ് കോമ്പറ്റീഷൻ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിലും നവജ്യോതി BEd കോളേജിലും ലിറ്റിൽ ഫ്ളവർ സ്കൂളിലുമായി നടത്തപ്പെട്ടു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ 30, ഒക്ടോബർ 1, 2 ദിനങ്ങൾ പ്രാർത്ഥാ ദിനങ്ങളായി ആചരിച്ചു. സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് ബെത്ലെഹം കോൺവെന്റ് മുക്കാട്ടുകര ഭവനാംഗമായ സി. ലോയ്സ് മൂഞ്ഞേലി കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. പാലായിൽ നടന്ന എസ് എം ആർ സി മീറ്റിംഗിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.

ജെസിൻ തെരേസും വികാർ പ്രൊവിൻഷ്യൽ സി. ഷെറിൻ മരിയയും സംബന്ധിച്ചു. സി. ഷെറിൻ മരിയ പേപ്പർ പ്രസന്റേഷൻ നടത്തുകയും ചെയ്തു.

**എസ്.എ.ബി.എസ്**

സെപ്റ്റംബർ മാസം ഒന്നാം തീയതി മുതൽ മൂന്നു വരെ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ സിസ്റ്റർ എൽസീന കള്ളിവളപ്പലിന്റെ നേതൃത്വത്തിൽ അൽമായർക്ക് വേണ്ടി ദിവ്യകാരുണ്യ വിടുതൽ ധ്യാനം നടത്തി കൗൺസിലിങ്ങിനും മധ്യസ്ഥ പ്രാർത്ഥനകൾക്കും സിസ്റ്റേഴ്സ് നേതൃത്വം കൊടുത്തു. അഞ്ചാം തീയതി മനക്കൊടിയിലെ സാവിയോ ഹോമിൽ ഡയറക്ടർ ആയിരുന്ന ബഹു. ആന്റണി കൊള്ളന്നൂർ അച്ചന്റെ മൃതദേഹം ബഹു. പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും സന്ദർശിച്ച് പ്രാർത്ഥിച്ചു. എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജനന തിരുന്നാളിന് സമുചിതമായി ഭവന സമൂഹങ്ങളിൽ ആഘോഷിച്ചു. ഒൻപതാം തീയതി തൃശ്ശൂർ നിർമ്മല മാതാ സ്കൂളിലെ പുതിയതായി നിർമ്മിച്ച പരിശുദ്ധ ആവേ മരിയ സ്ക്വയർ പരിശുദ്ധ അമ്മയുടെ ഗ്രോട്ടോ എന്നിവ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആശീർവദിച്ച് പ്രതിഷ്ഠിച്ചു. പ്രൊവിൻസിന്റെ രജത ജൂബിലിയോടനുബന്ധിച്ച് 13-ാം തീയതി സിസ്റ്റേഴ്സിനും സന്യാസാർത്ഥിനികൾക്കും പ്രസംഗ മത്സരം സംഘടിപ്പിച്ചു. കാലം ചെയ്ത അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃത സംസ്കാര ചടങ്ങിനോടനുബന്ധിച്ചുള്ള ലൂർദ് പള്ളിയിൽ നടത്തിയ തിരുകർമ്മങ്ങളിലും വിലാപയാത്രയിലും സിസ്റ്റേഴ്സ് സംബന്ധിച്ചു. പ്രൊവിൻസിന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിവിധ ഭവനസമൂഹങ്ങളിൽ 40 മണി ആരാധന നടത്തി. 26-ാം തീയതി കോതമംഗലം രാമലൂരിലെ സാഞ്ചോ ഭവൻ റിന്യൂവൽ സെന്ററിൽ നടന്ന രണ്ടാഴ്ച ധ്യാനത്തിൽ സിസ്റ്റർ സിൻസി മംഗലൻ സംബന്ധിച്ചു. 27-ാം തീയതി ആറു വർഷത്തെ തിയോളജി പഠനത്തിനു ശേഷം സിസ്റ്റർ സുജ മരിയ പുറത്തൂക്കാരൻ ജർമനിയിലെ ഓസ്നബുർഗ് രൂപത അധ്യക്ഷനാൽ പാസ്റ്ററൽ അസിസ്റ്റൻറ് പദവിയിലേക്ക് ഉയർത്തപ്പെട്ടു. 28-ാം തീയതി അതിരൂപത സംഘടിപ്പിച്ച ലോഗോസ് മത്സരം ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി സിസ്റ്റേഴ്സും സന്യാസാർത്ഥിനികളും പങ്കെടുത്തു.

**സി. എസ്. എസ്.**

സെപ്റ്റംബർ 8-ാം തിയ്യതി സ്നേഹോദയ പ്രോവിൻസിന്റെ പ്രോവിൻസ് ഡേ സമുചിതമായി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 13 മണിക്കൂർ ആരാധനയും അതിനോട് ചേർന്ന് പരിശുദ്ധഅമ്മയെകുറിച്ചുള്ള ക്ലാസ്സിനും

ആരാധനക്കും റവ. ഫാദർ സിറിൾ എടമന എസ്.ഡി.ബി. നേതൃത്വം നൽകി. പരിശുദ്ധ അമ്മയുടെ ജനനതിരുന്നാളിന് ഒരുക്കമായി 33 ദിവസത്തെ പരിശുദ്ധ അമ്മയോടുള്ള വിമലഹൃദയ പ്രതിഷ്ഠയും അഖണ്ഡജപമാലയും ജെറിക്കോ പ്രാർത്ഥനയും നടത്തപ്പെട്ടു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേക്കൈതകാട്ട് സി.എം.ഐ.യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സെപ്തംബർ 13 ന് നടത്തപ്പെട്ട പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിന് സുപ്പീരി ജനറൽ ബഹു. സി. അൽഫോൻസ സി.എസ്.എസ്, സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ സി.എസ്.എസ് എന്നിവർ പങ്കെടുത്തു. ദിവംഗതനായ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് സ്നേഹാദരങ്ങൾ അർപ്പിച്ചുകൊണ്ട് സെപ്ററംബർ 21 ന് നടത്തിയ ദിവ്യബലിയിലും വിലാപയാത്രയിലും സിസ്റ്റേഴ്സ് പങ്കെടുത്തു. ആളൂർ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ സിസ്റ്റേഴ്സ് ഹോംമിഷൻ നടത്തുകയുണ്ടായി.

**സി.എസ്.എം**

അങ്കമാലി വിൻസെൻഷ്യൻ ഫാദേഴ്സ് നടത്തുന്ന HOPE സെന്ററിൽ വെച്ച് നിത്യവ്രതത്തിന് ഒരുക്കമായി നാല് ജൂനിയർ സിസ്റ്റേഴ്സ് 21 ദിവസത്തെ കോഴ്സിൽ പങ്കെടുത്തു. പ്രോവിൻസ്ഡേയോടനുബന്ധിച്ച് 13 മണിക്കൂർ ആരാധനയും അഖണ്ഡ ജപമാലയും നടത്തി. പതിമൂന്നാം തീയതി എല്ലാ സുപ്പീരിഴേയസിനും വേണ്ടി സെമിനാർ നടത്തി. ഇരുപത്തിയൊന്നാം തീയതി അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപിതാവിന്റെ ഭൗതികശരീരം വഹിച്ചുകൊണ്ട് തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക പള്ളിയിൽ നിന്നും ലൂർദ് കത്തിഡ്രൽ പള്ളിയിലേക്കുള്ള വിലാപയാത്രയിൽ ഏതാനും സിസ്റ്റേഴ്സ് പങ്കെടുത്തു. സെപ്റ്റംബർ 3ന് പൊന്നൂക്കര സെന്റ് ജോസഫ് പള്ളിയിൽ വെച്ച് നടത്തിയ മോൺ. ആന്റണി മാളിയേക്കച്ചന്റെ 24-ാമത് ശ്രാദ്ധ ദിനാചരണത്തിൽ കൃപാഭവൻ ജനറലേറ്റിൽ നിന്ന് ബഹു. മദർ ബിയാട്രിസും, ബഹു. സിസ്റ്റേഴ്സും സംബന്ധിച്ചു. സെപ്റ്റംബർ 13ന് തൃശൂർ അതിരൂപത പാസ്റ്റർ കൗൺസിൽ മീറ്റിംഗിൽ സുപ്പീരിയർ ജനറൽ മദർ ബിയാട്രിസ് പങ്കെടുത്തു. സെപ്റ്റംബർ 28 മുതൽ ഒക്ൾടോബർ 3 വരെ കൃപാ ഭവൻ ജനറലേറ്റിൽ വെച്ച് മൂന്നാം ബാച്ച് വാർഷിക ധ്യാനം നടത്തി.

**സി.എസ്.സി**

സ്കൂളുകളിൽ വേദപാഠം പഠിപ്പിക്കുന്നവർക്കും നഴ്സറി സ്കൂൾ പ്രധാന അധ്യാപകർക്കും വേണ്ടി സെപ്റ്റംബർ 14 ന് ഗൂഗിൾ മീറ്റ് നടത്തി. സ്ഥാപക പിതാവ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ

അനുസ്മരണാർത്ഥം ചൊവ്വന്നൂർ സെന്റ് മേരിസ് വിദ്യാലയത്തിൽ വെച്ച് UKKEN FEST 2025 എന്ന പേരിൽ തൃശ്ശൂർ മരിയ പ്രൊവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളെയും സ്ഥാപനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് കലാമേള നടത്തി. CSC സഹയാത്രസന്ദർശിച്ച സ്ഥലങ്ങൾ തച്ചനടി, കൂനത്തറ, ചേലക്കര. പാറേമ്പാടം ഫാത്തിമ കോൺവെന്റിൽ വച്ച് 3 അർഥിനിമാർ ആസ്പിരൻസിയിൽ പ്രവേശിച്ചു.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ, 69-ാം ശ്രാദ്ധചരണത്തോടനുബന്ധിച്ച് സെപ്റ്റംബർ 27-ാംതീയതി മുതൽ ഒക്ടോബർ നാലാം തീയതി വരെ തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വച്ച് സെന്റ് തോമസ് കോളേജും, സി എസ് സി മരിയ ഭവൻ ജനറലേറ്റും ചേർന്ന് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കൻ മെമ്മോറിയൽ സൗത്ത് ഇന്ത്യൻ ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. വിവിധ കോളേജുകളിൽ നിന്ന് 10 ടീമുകൾ മത്സരത്തിൽ പങ്കെടുക്കുകയുണ്ടായി.

## ആദരാഞ്ജലികൾ



സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് ബെത്‌ലെഹം കോൺവെന്റ് മുക്കാട്ടുകര ഭവനാംഗമായ സി. ലോയ്സ് മൂഞ്ഞേലി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്കാര കർമ്മത്തിന് തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും അനുശോചന സന്ദേശം റവ.ഫാ. ഫിജോ ആലപ്പാടൻ നടത്തുകയും ചെയ്തു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# ₹ സാമ്പത്തിക കാര്യാലയം

**1. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം –15/11/2025**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2025 നവംമ്പർ 15, ശനിയാഴ്ച രാവിലെ 9.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. 2024 നവംബർ മുതൽ 2025 നവംബർ വരെയുള്ള കാലയളവിൽ ഇടവകകളിൽ റിട്ടയർ ചെയ്ത ക്ലർക്ക്, എക്കൗണ്ടന്റ്സ് എന്നിവർക്ക് ആദരവ് ഈ മീറ്റിംഗിൽ നൽകുന്നു. അങ്ങനെയുള്ള വ്യക്തികളുടെ പേരും, മേൽവിലാസവും, ഫോൺ നമ്പറും ബ. വികാരിയച്ചന്മാർ ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

**2. തെരട്ട് സമർപ്പിക്കൽ**

ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിരിക്കുകയാണ്. ഈ പ്രത്യക സഹചര്യത്തിൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു. സ്ഥാപനങ്ങളും സംഘടനകളും തെരട്ട് സമർപ്പിച്ചുകൊണ്ടിരിക്കുന്നു.

**3. സമ്മാനദാനം**

2024–2025 വർഷത്തെ മിഷൻ ഞായർ, ദുഃഖ വെള്ളി പിരിവിൽ സമ്മാനാർഹമായ ഇടവകകൾക്ക്/സ്ഥാപനങ്ങൾക്ക് അഭിനന്ദനങ്ങൾ. വീടുകളുടെ അടിസ്ഥാനത്തിലും ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളുടെയും/സ്ഥാപനങ്ങളുടെയും അടിസ്ഥാനത്തിലുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാരമനസ്ക്കരായ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബ. വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാം

ഗങ്ങൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.സമ്മാനാർഹരായ ഇടവകകൾക്ക് ട്രോഫികൾ 2025 നവംബർ 15 ശനിയാഴ്ച ഉച്ചക്ക് 12.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് നൽകുന്നതാണ്.

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2024 | I | ഒല്ലൂർ | 6,31,063 |
| | II | കുരിയച്ചിറ | 6,11,460 |
| | III | പാവറട്ടി | 6,04,115 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | സംഖ്യ | ശരാശരി |
|---|---|---|---|---|---|
| മിഷൻ ഞായർ 2024 | I | ബസിലിക്ക | 529 | 2,15,309 | 407.01 |
| | II | തൃപ്രയർ | 120 | 45,862 | 382.18 |
| | III | കുരിയച്ചിറ | 1643 | 6,11,460 | 372.16 |

| ഇനം | സ്ഥാനം | സ്ഥാപനം | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2024 | I | മേരിമാത മേജർ സെമിനാരി, മുളയം | 80,000 |
| | II | സെന്റ് മേരീസ് മൈനർ സെമിനാരി | 50,000 |
| | III | സെന്റ്. ആന്റണീസ് മിഷൻ ഹോസ്പിറ്റൽ, പഴുവിൽ | 26,000 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | സംഖ്യ | ശരാശരി |
|---|---|---|---|---|---|
| ദുഃഖ വെള്ളി 2024 | I | ബസിലിക്ക | 529 | 56,137 | 106.11 |
| | II | പൊന്നാനി | 80 | 5,067 | 63.33 |
| | III | ഇയ്യാൽ | 124 | 7,690 | 62.01 |

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
പ്രൊക്യുറേറ്റർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

സകല വിശുദ്ധരെയും സകല മരിച്ച വിശ്വാസികളെയും പ്രത്യേകം അനുസ്മരിക്കുന്ന സമയമാണല്ലോ നവംബർ മാസം. 'ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ (1 പത്രോസ് 1:16). നമ്മളെല്ലാവരും വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ഓർമ്മപ്പെടുത്തലാണ് സകല വിശുദ്ധരുടെയും തിരുനാൾ നമുക്ക് നൽകുന്നത്. പൗരസ്ത്യ സഭകളിൽ ഈ തിരുനാൾ ആഘോഷിക്കുന്നത് പെന്തക്കോസ്തു തിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ്. വിശുദ്ധ അഗസ്റ്റിൻ ഇങ്ങനെ ഓർമ്മപ്പെടുത്തും:'അവനും അവൾക്കും വിശുദ്ധരാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ആയിക്കൂടാ? ഈ വെല്ലുവിളി അഗസ്റ്റിനെ വിശുദ്ധനാക്കി മാറ്റിയത് പോലെ നമുക്കും ഒരു പ്രചോദനം ആകണം. സഹസ്രാബ്ദത്തിന്റെ വിശുദ്ധനായി ഉയർത്തപ്പെട്ട വിശുദ്ധ കാർലോ നമുക്ക് ഒരു മാതൃകയാണ്. അസാധാരണമായ മനുഷ്യരല്ല വിശുദ്ധരാകുന്നത്, മറിച്ച് സാധാരണ മനുഷ്യർ നയിക്കുന്ന അസാധാരണമായ ജീവിതമാണ് വിശുദ്ധിയിലേക്ക് വഴിതെളിക്കുന്നത്. അതുകൊണ്ട് സാധാരണ മനുഷ്യർക്കും വിശുദ്ധി പ്രാപിക്കാം എന്ന് വിശുദ്ധരുടെ ജീവിതം നമ്മെ ഓർമിപ്പിക്കുന്നു. പ്രിയമുള്ള കുഞ്ഞുമക്കളെ, നിങ്ങളും വിശുദ്ധരാകാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും വേണം. നമുക്കുചുറ്റും പേരറിയപ്പെടാതെ കടന്നുപോയ അനേകം വിശുദ്ധ ആത്മാക്കൾ ഉണ്ട്. അവരെയും നമ്മൾ ഓർക്കുന്ന ദിവസമാണ് സകല വിശുദ്ധരുടെ ദിനം.

നവംബർ 2 സകല മരിച്ച വിശ്വാസികളുടെയും ദിവസം. ഇടവക പള്ളിയിലെ പൂർവികർ വിശ്രമം കൊള്ളുന്ന സെമിത്തേരിയിൽ അന്നേദിവസം അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ സംബന്ധിച്ച് നിങ്ങൾ പ്രാർത്ഥിക്കണം. 'മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്ക്‌വേണ്ടി പാപ പരിഹാരകർമ്മം അനുഷ്ഠിച്ചു' (2 മക്കബായർ 12:45). മരിച്ചവർക്ക്‌വേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് വിശുദ്ധ ഗ്രന്ഥത്തോളം തന്നെ പഴക്കമുണ്ട്. ബെനഡിക്ട് പതിനാ

റാമൻ മാർപാപ്പ പഠിപ്പിക്കുന്നത് ഇങ്ങനെയാണ്, നിത്യ ജീവിതത്തിലേക്കുള്ള പ്രത്യാശയുടെ നവീകരണം ആണ് സകല മരിച്ചവരുടെ ദിനം. ഇത് നമ്മൾ കത്തെുന്നത് ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും ആണ്. ഇനി ആരും കൂടെ നടക്കാൻ ഇല്ലാത്തിടത്ത് ക്രിസ്തു മാത്രം കൂടെ അനുഗമിക്കുന്ന യാത്രയാണ് നിത്യജീവിതം. മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥന നമ്മുടെ തന്നെ നിസ്സാരതയെ ഓർമ്മിപ്പിക്കും. മരിച്ചവരുടെ മൃതസംസ്ക്കാര ശുശ്രുഷ പ്രാർത്ഥനയിൽ ഇങ്ങനെ പാടുന്നുണ്ട്: 'അസ്ഥിരമല്ലോ ഭുവനവുമതിലെ ജഢികാശകളും നീർപോളകൾ പോൽ എല്ലാമെല്ലാം മാഞ്ഞടിയുന്നു'. മരണശേഷം നമ്മുടെ നന്മകൾ മാത്രമാണ് ജീവിക്കുന്നത്. അതുകൊണ്ട് നമ്മുടെ എല്ലാ പ്രവൃത്തികളിലും നന്മയുണ്ടാകാനും നമ്മുടെ പ്രവർത്തികൾ വഴി ജീവിക്കാനും ഇടയാകട്ടെ. എല്ലാ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊണ്ട്....

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

### I. ഞായറാഴ്ച വിശ്വാസപരിശീലനം വാർത്തകൾ

**1. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയുടെ വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ/ അസി. ഡയറക്ടർ, ഓരോ ഇടവകയിലേയും വിശ്വാസപരിശീലകരെ സന്ദർശിച്ച് അവരുമായി സംവദിക്കുന്നു. 2025 നവംബർ മുതൽ 2026 ജനുവരി വരെയുള്ള മാസങ്ങളിൽ പാലയൂർ, പറപ്പൂർ, പട്ടിക്കാട്, പഴുവിൽ, പുതുക്കാട്, പുത്തൂർ എന്നീ ഫൊറോനകളിലാണ് സംവാദസദസ്സ് നടക്കുന്നത്. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നേരിട്ട് അറിയിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട

വിവരങ്ങൾക്കായി വിശ്വാസപരിശീലന കേന്ദ്രത്തിലെ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ തോമസ് മാസ്റ്ററെ ബന്ധപ്പെടുക. മൊബൈൽ നമ്പർ: 9400791384.

ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (സെപ്റ്റംബർ 30 വരെ) യൂണിറ്റുകൾ: പുതുശ്ശേരി, പഴുന്നാന, കോനിക്കര, മരത്താക്കര, ഗലീലി, ഒല്ലൂർ, പാലയ്ക്കൽ, പല്ലിശ്ശേരി, ഒല്ലൂർ മേരിമാത, പെരിഞ്ചേരി, പൂത്തറയ്ക്കൽ, പുലക്കാട്ടുകര, തൈക്കാട്ടുശ്ശേരി, തലോർ, വല്ലച്ചിറ, നോർത്ത് കാരമുക്ക്.

നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസ പരിശീലകർക്കും നന്ദി.

**2. ക്രിസ്ഫോം**

എ സി സി, 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ 6 ബാച്ച് (പാലയൂർ-പുത്തൂർ ഫൊറോനകൾ) സെപ്റ്റംബർ 19-21 തിയതികളിൽ നടത്തുപ്പെടും. 41 വിദ്യാർത്ഥികൾ പങ്കെടുത്തു. ബാച്ച് 7 (ലൂർദ്ദ്-പട്ടികാട് ഫൊറോനകൾ) സെപ്റ്റംബർ 26-28 തിയതികളിൽ നടത്തുപ്പെടും. 44 വിദ്യാർത്ഥികൾ പങ്കെടുത്തു. രണ്ട് ബാച്ചിലും പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

നവംബർ മാസത്തിലെ ക്രിസ്ഫോം തിയതി: നവംബർ 14-16, അവസാനത്തെ ബാച്ച് (ക്രിസ്ഫോമിൽ ഇതുവരെ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി)

**3. XI, XII വിശ്വാസപരിശീലകർക്ക് ഓൺലൈൻ ക്ലാസ്സ്**

11, 12 ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ഓൺലൈൻ പഠനക്ലാസ്സ് നടന്നുകൊണ്ടിരിക്കുന്നു. പാഠഭാഗത്തിന്റെ അന്തസത്ത, അതു വിശദീകരിക്കേണ്ട വിധം, പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഓരോ പാഠം തുടങ്ങുന്നതിനു മുമ്പായി പരിചയപ്പെടുത്തികൊടുക്കുന്നു. പാഠപുസ്തകത്തിന്റെ രചനയുമായി നേരിട്ട് ബന്ധമുള്ളവരാണ് ക്ലാസ്സെടുക്കുന്നവർ. ഓൺലൈൻ പഠനക്ലാസ്സിന്റെ തിയതികൾ വാട്സാപ്പ് ഗ്രൂപ്പുകളിലുടെ മുൻകൂട്ടി അറിയിക്കുന്നതാണ്. വൈകീട്ട് 08.30 മുതൽ 09.30 വരെയാണ് ക്ലാസ്സ് നടത്തുന്നത്.

**4. കാറ്റക്കെറ്റിക്കൽ കൗൺസിൽ രൂപീകരണം - നവംബർ 8**

പുതിയ അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിലിന്റെ പ്രഥമ യോഗം നവംബർ 8 ന് ഉച്ചതിരിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ വെച്ച് 01.30 മുതൽ 05.30 വരെ. അതിരൂപതാ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട/നാമനിർദ്ദേശം ചെയ്യപ്പെട്ട ഫൊറോന പ്രതിനിധികൾ എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**5. മാതാപിതാക്കൾക്കുള്ള പരിശീലനം**

അതിരൂപത വിശ്വാസപരിശീലന കേന്ദ്രം കുട്ടികളുടെ സ്വഭാവ രൂപീകരണം ലക്ഷ്യമാക്കികൊണ്ട് വിശ്വാസപരിശീലന സെമിനാറുകൾ മാതാപിതാക്കൾക്കായി ഇടവകതലത്തിൽ ഒരുക്കുന്നു. ബുക്കിംഗിനായി 9188131311 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (9.30 AM - 5.00PM) ബന്ധപ്പെടുക.

അതിരൂപത തലത്തിലും ഇടവകതലത്തിലും വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും നടക്കുന്ന വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും പ്രിൻസിപ്പൽമാർക്കും വിശ്വാസ പരിശീലകർക്കും നന്ദി അറിയിക്കുന്നു.

**II. അറിയിപ്പുകൾ**

**1. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ നവംബർ 4**

വി. ചാൾസ് ബൊറോമിയായുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 9 ന് ഇടവകതലത്തിൽ വിശ്വാസപരിശീലകദിനം വിശ്വാസ പരിശീലന ക്ലാസ്സുകളുടെ സമയം നഷ്ടപ്പെടുത്താതെ ആഘോഷിക്കേണ്ടതാണ്.

**2. SMCCv**

യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 12-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് നവംബർ 8, 9 തിയതികളിൽ DBCLC യിൽ വെച്ച് ക്യാമ്പ് നടക്കുന്നു. ആദ്യദിനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കായിരിക്കും രണ്ടാം ദിവസത്തെ ക്യാമ്പ്.

**3. ടാലന്റ് ഹണ്ട് 2025**

വിശ്വാസപരിശീലന ടാലന്റ് മിനിസ്ട്രിയുടേയും ഈഡൻ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫൊറോനകളുടെ മേഖലാതലത്തിൽ ടാലന്റ് ഹണ്ട് 2025 നേതൃത്വപരിശീലനവും ജീവിത മാർഗ്ഗദർശന സെമിനാർ (കരിയർ ഓറിയന്റേഷൻ സെമിനാർ) സംഘടിപ്പിക്കുന്നു. 10, 11, 12 ക്ലാസ്സുകളിലെ നമ്മുടെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ, പ്രോത്സാഹിപ്പിക്കുമല്ലോ. സെമിനാറിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 100 പേർക്ക് തുടർ പരിശീലനവും പ്രത്യേക സഹായങ്ങളും ഉണ്ടായിരിക്കും.

മേഖല 1- വടക്കാഞ്ചേരി, ചേലക്കര, എരുമപ്പെട്ടി, വേലൂർ ഫൊറോനകൾ. സെമിനാർ വേദി: വടക്കാഞ്ചേരി ഫൊറോന പള്ളി തിയതി: ഒക്ടോബർ 19, 2 PM. മേഖല 2 - പാലയൂർ, പറപ്പൂർ, മറ്റം,

കണ്ടശ്ശാംകടവ് ഫൊറോനകൾ സെമിനാർ വേദി: ഗുഡ്ഷെപ്പേർഡ് സ്കൂൾ, മുല്ലശ്ശേരി. തിയതി: നവംബർ 9, 2 PM. മേഖല 3 – ബസിലിക്ക, ഒല്ലൂർ, പഴുവിൽ, പുതുക്കാട് ഫൊറോനകൾ സെമിനാർ വേദി: ഹോളി ഏയ്ഞ്ചൽസ് സ്കൂൾ, ഒല്ലൂർ. തിയതി: നവംബർ 2, 2 PM. മേഖല 4 – ലൂർദ്ദ്, കൊട്ടേക്കാട്, പട്ടിക്കാട്, പുത്തൂർ ഫൊറോനകൾ സെമിനാർ വേദി: ഡി ബി സി എൽ സി, തിയതി: നവംബർ 30, 2 PM.

**4. മാർക്ക് എൻട്രിയും ഹാജരും**

അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകളും അർദ്ധവാർഷിക പരീക്ഷാതിയതി ഉൾപ്പെടെയുള്ള ഹാജരും പുനഃപരീക്ഷ എഴുതുന്നവരുടെ രജിസ്ട്രേഷനും സോഫ്റ്റ് വെയറിൽ ചെയ്യേണ്ട അവസാന തിയ്യതി നവംബർ 10 ആണ്. നവംബർ 10നു ശേഷം ഹാജർ രേഖപ്പെടുത്താൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും  സമയത്തിനുതന്നെ ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

**5. അർദ്ധവാർഷിക പുനപരീക്ഷ: നവംബർ 16, 02 PM - 04 PM**

പരീക്ഷ മാറ്റിവെച്ച യൂണിറ്റുകൾക്കും തോറ്റവർക്കും മുടങ്ങിയവർക്കും. ക്ലാസ്സ് 1 മുതൽ 11 വരെയുള്ള ക്ലാസ്സുകാർക്കുള്ള പുനഃപരീക്ഷക്കുള്ള ചോദ്യപേപ്പറുകൾ യൂണിറ്റുകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്. 12, എസിസി ക്ലാസ്സുകാർക്കുള്ള ചോദ്യ പേപ്പറുകൾ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

**6. അർദ്ധവാർഷിക പുനപരീക്ഷ മാർക്ക് എൻട്രി**

പ്രിൻസിപ്പൽ കോൺഫ്രൻസിൽ സൂചിപ്പിച്ചിരുന്നതനുസരിച്ച് മാറ്റിവെച്ച പരീക്ഷകളുടേയും പുനഃപരീക്ഷയുടേയും മാർക്ക് ലിസ്റ്റ് സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യാനുള്ള തിയതി നവംബർ 30 ലേക്ക് മാറ്റിയതായി അറിയിക്കുന്നു.

**7. മിശിഹായുടെ രാജത്വതിരുനാൾ – നവംബർ 23**

എല്ലാ യൂണിറ്റുകളിലും മിശിഹായുടെ രാജത്വതിരുനാൾ വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് മുടക്കം വരാതെ ആഘോഷിക്കേണ്ടതാണ്.

**8. ആപ്റ്റിറ്റ്യൂഡ് പഠനം**

ഈ വർഷത്തെ പാഠപുസ്തകം: നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം: അർത്ഥവും അർത്ഥതലങ്ങളും (ആലുവ സെമിനാരി, 2025) എന്നതായിരിക്കും. വിശ്വാസപ്രമാണം ആഴത്തിൽ മനസ്സിലാകാൻ പരിശ്രമിക്കലാണ് ലക്ഷ്യം. പുസ്തകം എല്ലാ

വിശ്വാസപരിശീലകർക്കും ലഭ്യമാക്കിയിട്ടുണ്ടാകുമെന്ന് കരുതുന്നു. 3 വർഷത്തേക്കാണ് ഈ പുസ്തകം ഉദ്ദേശിച്ചിരിക്കുന്നത്.

ഈ വർഷത്തെ പഠനഭാഗം: മേൽപറഞ്ഞ പുസ്തകത്തിലെ 3, 4, 5, 6, 7 അധ്യായങ്ങളാണ്. (പേജ് നമ്പർ 48 മുതൽ 134 വരെ)

**9. ആപ്റ്റിറ്റ്യൂഡ് പഠനക്ലാസ്സുകൾ**

പഠനഭാഗങ്ങൾ വിശദീകരിക്കാൻ ഗൂഗിൾ മീറ്റിലും യുട്യൂബിൽ ലൈവ് ആയും ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

ആപ്റ്റിറ്റ്യൂഡ് പഠനക്ലാസ്സുകൾ നയിച്ചവർ; അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, റവ. ഡോ. വിൻസന്റ് കുണ്ടുകുളം, റവ. ഡോ. സൈജോ തൈക്കാട്ടിൽ.

നവംബർ മാസത്തെ ക്ലാസ്സ് തിയതികൾ: നവംബർ 11, 25. സമയം 08.30 PM - 09.30 PM. നവംബർ മാസത്തിൽ ക്ലാസ്സ് നയിക്കുന്നവർ: റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ, റവ. ഡോ. സാജൻ പിണ്ടിയാൻ, റവ. ഡോ. സനൽ തോമസ് മാളിയേക്കൽ. അതിരൂപതയിലെ തന്നെ പ്രഗത്ഭരായ അച്ചന്മാർ നയിക്കുന്ന ഈ ക്ലാസ്സുകളിൽ എല്ലാ വിശ്വാസപരിശീലകരും പങ്കെടുക്കുകയും നന്നായി പഠിച്ച് പരീക്ഷക്ക് ഒരുങ്ങുകയും ചെയ്യുമല്ലോ.

**10. ആപ്റ്റിറ്റ്യൂഡ് പരീക്ഷ:**

ഇടവകതലം – ഡിസംബർ 7– സമയം – 03.PM - 4.30 PM

- യൂണിറ്റുതല പരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്ന അധ്യപകരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ട അവസാന തിയതി: ഡിസംബർ 15

അതിരൂപത തലം – ഡിസംബർ 21– സമയം– 02.30PM - 4.30 PM, ഡി. ബി. സി. എൽ. സി.

അധികപാഠ്യഭാഗം: ഹെബ്രായർക്കെഴുതപ്പെട്ട ലേഖനം

യോഗ്യത: യൂണിറ്റ് തലത്തിൽ 50 മാർക്കിൽ 45 ഉം അതിൽ കൂടുതലും (90 ശതമാനം/അതിൽ കൂടുതലും) മാർക്ക് ലഭിച്ച അധ്യാപകർക്ക് അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

- ഡിസംബർ 18 –ാം തിയതി മുതൽ സോഫ്റ്റ് വെയറിൽ നിന്നും ഹാൾടിക്കറ്റ് പ്രിന്റ് എടുക്കാവുന്നതാണ്.
- പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ആവശ്യമായ ഒപ്പുകൾ സഹിതം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ: ഡിസംബർ 21 – സമയം 03.PM - 4.30 PM ഇടവകയിൽ

11. ഡിസംബർ മാസം പ്രാർത്ഥനാപരിശീലന മാസമായി സ്പിരിച്വൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ യൂണിറ്റുതലത്തിൽ ആചരിക്കുന്നതിനായി നവംബർ മാസത്തിലെ വിശ്വാസപരിശീലസ കൗൺസിൽ മീറ്റിംഗിൽ വ്യക്തമായ പ്ലാൻ തയ്യാറാക്കുക. പ്രാർത്ഥനാപരിശീലനം ഫലവത്തായി നടപ്പിലാക്കുന്നതിന് വിശ്വാസപരിശീലകരെ സഹായിക്കുന്നതിനായി ഷോർട്ട് വീഡിയോകൾ നവംബർ മാസം പകുതിയോടുകൂടി വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതാണ്.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
അസി. ഡയറക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**വാർഷിക ധ്യാനം**

2025 സെപ്റ്റംബർ 20 മുതൽ 25വരെ തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട് രൂപതകളിലെ മൈനർ സെമിനാരിക്കാരുടെ വാർഷിക ധ്യാനം അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു.

**മിഷൻ ഞായർ ആചരണം**

ലോക മിഷൻ ഞായർ ദിനത്തിൽ ലോകമെമ്പാടുമുള്ള കത്തോലിക്കരോടൊപ്പം മിഷൻ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥനയിലും ഉദാരതയിലും 'ജനതകൾക്കിടയിലെ പ്രത്യാശയുടെ മിഷനറിമാരായി' മൈനർ സെമിനാരി വിദ്യാർഥികളും പങ്കുചേർന്നു.

**ആർട്സ് & സ്പോർട്സ് ഡേ**

സെമിനാരി ഹോം ഡേ ആഘോഷങ്ങൾക്ക് മുന്നോടിയായി, കലാ-കായിക മേളകൾ ഉജ്ജ്വലമായി സംഘടിപ്പിച്ചു. ഈ ദിനങ്ങൾ, സെമിനാരി വിദ്യാർത്ഥികൾക്ക് തങ്ങളുടെ കലാപരവും സാഹിത്യപരവും കായികവുമായ കഴിവുകൾ തിരിച്ചറിയാനും, അവയെ പരിപോഷിപ്പിക്കാനുമുള്ള മികച്ച അവസരങ്ങളായി മാറി.

**ജപമാല മാസാചരണം**

പരിശുദ്ധ അമ്മയുടെ പ്രത്യേക മാസമായ ഒക്ടോബർ, മൈനർ

സെമിനാരിയിൽ ഭക്തിനിർഭരമായി ആചരിച്ചു. ഈ ആത്മീയ കൂട്ടായ്മ സെമിനാരി വിദ്യാർത്ഥികൾക്ക് അവരുടെ ദൈവവിളിയിൽ ആഴപ്പെടാനും, പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളരാനും ശക്തമായ പ്രചോദനമായി.

**ഏകദിന ജീവിത മാർഗദർശന സെമിനാർ**

ദൈവവിളിയെക്കുറിച്ചും വിവിധ ജീവിതാന്തസ്സുകളെക്കുറിച്ചും വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുന്ന ഏകദിനസെമിനാർ ആൺകുട്ടികൾക്കായി തൃശ്ശൂർ മൈനർ സെമിനാരിയിൽവെച്ച് നടത്തുന്നു:

നവംബർ 1 ശനി, രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ: ഒമ്പതാം ക്ലാസ്.

നവംബർ 8 ശനി, രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ: 10, 12 ക്ലാസുകൾ

നവംബർ 29 ശനി, രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ: എട്ടാം ക്ലാസ്.

തൃശ്ശൂർ മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി ചേരാൻ ആഗ്രഹിക്കുന്നവർ ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാരും, സിസ്റ്റേഴ്സും, വിശ്വാസ പരിശീലകരും ആൺകുട്ടികളെ അതതു സെമിനാറുകളിലേക്ക് പറഞ്ഞയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ്, നോർത്ത് കാരമുക്ക് ഇടവക.
2. ശ്രീ. ഷാജു സി.വി., ചിറയത്ത് മഞ്ഞിയിൽ ഹൗസ്, ചേറൂർ.
3. കുമാരി ആൻ മരിയ, D/O ശ്രീ. സജു ജോസ്, കൊഴലിപറമ്പൻ ഹൗസ്, കുരിയച്ചിറ.
4. ശ്രീ. പോൾ എം. ഐ., മഞ്ഞളി ഹൗസ്, പള്ളിക്കുന്ന്
5. ശ്രീ. വർഗീസ് കെ. ജെ. & ശ്രീമതി. ജെസ്സി കെ.സി., കരോട്ട് ഹൗസ്, ചിറക്കൽ
6. ശ്രീ. ആന്റോ എ. ഐ., എലുവത്തിങ്കൽ ഹൗസ്, പാലക്കൽ
7. ശ്രീ. ലിയോൺസൻ & ശ്രീമതി. ബീന ലിയോൺസൻ, കാരെപറമ്പൻ ഹൗസ്, പടവരാട്
8. ഡോ. കാക്കപ്പൻ ആലപ്പാട്ട്, കുരിയച്ചിറ.
9. വികാരി & കൈക്കാരൻമാർ, സുവർണ ജൂബിലി മെമ്മോറിയൽ, മുണ്ടത്തിക്കോട് ഇടവക.

വൈദിക പരിശീലന ദൗത്യത്തിൽ പ്രാർത്ഥനയാലും ധന സഹായത്താലും അതിരൂപതയോട് ചേർന്നുനിൽക്കുന്ന ഞങ്ങളുടെ ബഹുമാന്യരായ എല്ലാ ഉപകാരികൾക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. നിത്യപുരോഹിതനായ ക്രിസ്തു നമ്മുടെ ഭവനങ്ങളിൽ അനുഗ്രഹം ചൊരിയട്ടെ.

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

# മേരിമാതാ മേജർ സെമിനാരി

**ഒന്നാം സെമസ്റ്റർ പരീക്ഷകൾ**

ഒന്നാം സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 12 മുതൽ 19 വരെയുള്ള തിയ്യതികളിൽ നടത്തപ്പെട്ടു.

**മാസധ്യാനം**

സെപ്റ്റംബർ മാസത്തെ മാസധ്യാനം 19, 20 തീയ്യതികളിൽ നടന്നു. ഇരിഞ്ഞാലക്കുട വികാരി ജനറൽ ബഹു. ജോളി വടക്കനച്ചനാണ് ധ്യാനചിന്തകൾ പങ്കുവെച്ചത്.

**വൈദികരുടെ വാർഷിക ധ്യാനം**

അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം രണ്ടു ബാച്ചുകളിലായി സെമിനാരിയിൽ നടന്നു. ആദ്യ ബാച്ച് സെപ്റ്റംബർ 22 മുതൽ 26 വരെയും രണ്ടാമത്തെ ബാച്ച് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 2 വരെയുമായിരുന്നു. ധ്യാനം നയിച്ചത് റവ. ഫാ. ബേർണി Ofm.Cap. അച്ചനാണ്.

**പ്രിയ ഇടയന് വിട**

തൃശ്ശൂർ അതിരൂപത മുൻ മെത്രാപോലീത്തായും മേരിമാതാ മേജർ സെമിനാരിയുടെ ശിൽപ്പിയുമായ അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ നിര്യാണത്തിൽ സെമിനാരി കുടുംബം അനുശോചനം രേഖപ്പെടുത്തി. അഭിവന്ദ്യപിതാവിന്റെ അനുസ്മരണാർത്ഥം വിശുദ്ധ കുർബ്ബാനയും ഒപ്പീസും അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സെപ്റ്റംബർ 21-ാം തിയ്യതി ഞായറാഴ്ച അഭിവന്ദ്യ പിതാവിനോടുള്ള ബഹുമാനാർത്ഥം ബസിലിക്കയിൽ നിന്നും ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിലേയ്ക്കുള്ള വിലാപയാത്രയിൽ വൈദികരും വൈദികവിദ്യാർത്ഥികളുമടങ്ങുന്ന സെമിനാരി

കുടുംബം പങ്കെടുത്തു. തിങ്കളാഴ്ചയിലെ മൃതസംസ്കാര ശുശ്രൂഷാകർമ്മങ്ങളിലും സെമിനാരി കുടുംബത്തിന്റെ പങ്കാളിത്വവും സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

**വർക്ക് എക്സ്പോഷർ**

വൈദികാർത്ഥികളിൽ അധ്വാനത്തിന്റെ മാഹാത്മ്യം വളർത്തിയെടുക്കുവാൻ സഹായിക്കുന്ന വർക്ക് എക്സ്പോഷർ പദ്ധതി സെപ്റ്റംബർ മാസം 21 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ നടന്നു. എല്ലാ വൈദികാർത്ഥികളും വിവിധ ബാച്ചുകളായി വിവിധ തൊഴിലിടങ്ങളിൽ തൊഴിലാളികളായി ജോലി ചെയ്തു. സെമിനാരിയിലെ വൈദികർ വർക്ക് എക്സ്പോഷറിനു പങ്കെടുത്തവരെ സന്ദർശിച്ചു പ്രോത്സാഹനം നൽകി.

**മിഷൻ എക്സ്പോഷർ**

സ്വഭാവത്താലേ പ്രേഷിതയായ സഭയുടെ മിഷൻ ചൈതന്യം ഉൾകൊണ്ട് രണ്ടാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ബഹു. സജി കണയങ്കലച്ചന്റെ നേതൃത്വത്തിൽ സാഗർ രൂപതയിലെ മിഷൻ പ്രവർത്തന മേഖലകൾ സന്ദർശിച്ചു മിഷനെപറ്റി മനസ്സിലാക്കി. ബഹു. ഡീക്കൻമ്മാർ ബഹു. റോബി കൂന്താണിയിലച്ചൻ, ബഹു. സാജൻ പിണ്ടിയാനച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ജഗദൽപൂർ രൂപതയിലേക്കാണ് മിഷൻ അനുഭവത്തിനായി പോയത്.

**അവധികാലം**

വൈദികവിദ്യാർത്ഥികൾ എല്ലാവരും തന്നെ സെപ്റ്റംബർ മാസം 27 മുതൽ ഒക്ടോബർ മാസം 7 വരെയുള്ള ദിവസങ്ങളിൽ അവധിക്കായി സ്വന്തം ഭവനങ്ങളിലേയ്ക്ക് പോയി.

**വാർഷികധ്യാനം**

അവധികാലത്തിനുശേഷം ബ്രദേഴ്സ് എല്ലാവരും തന്നെ ഒക്ടോബർ ഏഴിന് തിരികെ എത്തിചേർന്നു. ഏഴാം തീയ്യതി മുതൽ പതിനൊന്നാം തീയ്യതി വരെ വൈദികാർത്ഥികൾക്കായി വാർഷികധ്യാനം നടന്നു. ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റും മംഗലപ്പുഴ സെമിനാരിയിൽ പ്രഫസറുമായ ബഹു. ലൂക്ക് തടത്തിലച്ചനാണ് ധ്യാനത്തിന് നേതൃത്വം നല്കിയത്.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

1. ശ്രീമതി അങ്കിത ആന്റോ, കണ്ണാത്ത് ഹൗസ്, പി.ഒ. പുതുക്കാട്, കിഴക്കുമുറി, തൃശ്ശൂർ, 680 301

Individual Benefactor Membership

1. ശ്രീ. ആന്റോ എ.ഐ, എലുവത്തിങ്കൽ ഹൗസ്, പാലക്കൽ, പെല്ലിശ്ശേരി പി.ഒ., തൃശ്ശൂർ, 680 027

2. ശ്രീ. ലെനിൻ തോമസ്, ചാലക്കൽ ഹൗസ്, നെട്ടിശ്ശേരി പി.ഒ, തൃശ്ശൂർ, 680 657

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# INSTITUTE OF THEOLOGY
**TRICHUR D B C L C**
**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

ഫസ്റ്റ് സെമസ്റ്ററിലെ എല്ലാ ക്ലാസ്സും പരീക്ഷകളും കഴിഞ്ഞു. സെക്കന്റ് സെമസ്റ്ററിലെ ക്ലാസ്സുകൾ ആരംഭിച്ചു.

**2. Certificate Course in Theology (One Year)**

ഒക്ടോബർ 05, 12 തിയ്യതികളിൽ വിശ്വാസപ്രമാണം (Rev. Dr. Lijo Chalissery), ത്രിയേകദൈവം (Mar Tony Neelankavil) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായുള്ള ആറ് മാസത്തെ Regular Theology Course- മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**4. Basic Bible Course (BBC)**

ഒക്ടോബർ മാസം Rev. Dr. Davis Panakkal CMI, Rev. Dr. Mary Julit Mandumpala CMC, Rev. Sr. Betteena CHF ക്ലാസ്സുകൾ നയിച്ചു.

**5. Certificate Course on Sacred Liturgy**

ഒക്ടോബർ 05, 19 തിയ്യതികളിൽ ആരാധന ക്രമത്തിന്റെ വളർച്ച അപ്പസ്തോലിക കാലഘട്ടം മുതൽ രണ്ടാംവർത്തിക്കാൻ കൗൺസിൽ വരെ (Rev. Dr. Rejoy Pazhayattil), സീറോ മലബാർ കുർബാനയുടെ ചരിത്രപരമായ വികാസം (Rev. Dr. Rejoy Pazhayattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**6. Certificate Course on the Life in Holy Spirit**

ഒക്ടോബർ 05, 19 തിയ്യതികളിൽ പരിശുദ്ധാത്മാവും സഭയും

സഭാശുശ്രൂഷകളും (Rev. Fr. Shinto Thombiyil), പരിശുദ്ധാത്മാവ് പാശ്ചാത്യ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ (Rev. Dr. Xavier Christi OFM cap) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**7. Catechism of the Catholic Church (CCC)**

ഒക്ടോബർ 12, 26 തിയതികളിൽ The Sacraments Of Healing & Vocation (Rev. Fr. Rijo Vithayathil), The Christian Vocation & Moral Life (Rev. Dr. Saji Kanayankal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**8. Certificate Course on Guidance and Counselling**

ഒക്ടോബർ 12, 26 തിയ്യതികളിൽ Developmental Psychology (Rev. Fr. Paul Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

## എക്സൽ അക്കാദമി

**Civil Service Course**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ/ദിവസ കോഴ്സുകൾ ഉടനെ ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും ആഴ്ചയിൽ ഒരു ദിവസം ഓൺലൈനായും എക്സൽ അക്കാദമിയിൽ ആയിരിക്കും ക്ലാസുകൾ നടക്കുന്നതാണ്. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ് മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ടോ ഗൂഗിൾ ഫോം വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് പരിശീലനം നൽകുന്നു. ഒരു ദിവസത്തെ ക്ലാസ്സിന് 250/- രൂപ. ഓരോ മാസത്തെ ക്ലാസ്സിന്റെ എണ്ണത്തിനനുസരിച്ച് ഫീസിൽ വ്യത്യാസം വരാം. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥന പ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10-4 വരെ ഡി. ബി. സി. എൽ. സി.യിലാണ്

ക്ലാസുകൾ. കൂടാതെ ആഴ്ചയിൽ ഒരു ദിവസം ഓൺലൈനായും ക്ലാസ്സ് നടത്തുന്നു. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജനപ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ പ്രവേശനം നവംബർ 15 വരെ.

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

കോഴ്സുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

Contact: Excel Academy: 9744941585

Prof. Dr. Mani K Peter- Academic Head: 9847235070

Ashik Thomas - Administrative & Technical Support: 7907326322

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ഡയമണ്ട് ജൂബിലി ഉദ്ഘാടനം**

പ്രൈവറ്റ് സെക്റ്ററിൽ സ്ഥാപിതമായ ദക്ഷിണ കേരളത്തിലെ ആദ്യത്തേതും സംസ്ഥാനതലത്തിൽ രണ്ടാമത്തേതുമായി നിലവിൽ വന്ന ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങ് ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. അതിനോട് അനുബന്ധിച്ച് പൂർവ്വ വിദ്യാർത്ഥി സംഗമവും സംഘടിപ്പിച്ചു. ചടങ്ങിൽ കേരള നേഴ്സസ് ആൻഡ് മിഡ്‌വൈഫ്സ് കൗൺസിൽ പ്രസിഡന്റ് ശ്രീമതി അനീസ എസ്. എ. മുഖ്യാതിഥിയായി ഡയമണ്ട് ജൂബിലി ഉദ്ഘാടനവും ലോഗോ പ്രകാശനവും നിർവ്വഹിച്ചു. മുൻ പ്രിൻസിപ്പൽമാരെയും 25 വർഷം പിന്നിട്ട പൂർവ്വ വിദ്യാർത്ഥികളേയും ചടങ്ങിൽ ആദരിച്ചു. നേഴ്സിങ്ങ് സ്കൂൾ വൈസ് പ്രിൻസിപ്പൽ സിജി ജോസ് നന്ദി രേഖപ്പെടുത്തി.

**ജൂബിലിയിൽ എസ്.ബി.എൽ.എസ് – സേവ്യർ (SAVIOR) ശില്പശാലക്ക് ആരംഭമായി**

അന്താരാഷ്ട്ര സ്നേക്ക്ബൈറ്റ് ബോധവത്കരണ ദിനത്തിന്റെ

ഭാഗമായി സ്നേക്ക് ബൈറ്റ് ലൈഫ് സപ്പോർട്ട് (SBLS)– SAVIOR- 2025 ശില്പശാല ജൂബിലി മിഷൻ ആശുപത്രിയിൽ സംഘടിപ്പിച്ചു.

**ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് എ.എച്ച്.പി.ഐ. ദേശീയ ലീഡർഷിപ്പ് അവാർഡ്**

ഇന്ത്യയിലെ ആരോഗ്യ സേവന സംഘടനയായ അസോസിയേഷൻ ഓഫ് ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ (AHPI) പ്രഖ്യാപിച്ച 2025-ലെ ദേശീയ ലീഡർഷിപ്പ് അവാർഡുകളിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് വലിയ അംഗീകാരം. സാമ്പത്തിക പരിപാലനത്തിലും സുസ്ഥിരതയിലും ജൂബിലി കാഴ്ച്ചവെച്ച നേതൃപാടവത്തിന് ലഭിച്ച ഈ പുരസ്ക്കാരം ഹൈദരാബാദിൽ നടന്ന AHPI അവാർഡ് ദാനചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് കൈമാറി.

**ലോക ഹൃദയദിന ആഘോഷവും, പുതിയ കാത്ത് ലാബിന്റെ ഉദ്ഘാടനവും**

ലോകഹൃദയദിന ആഘോഷവും അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ പുതിയ കാത്ത് ലാബിന്റെ ഉദ്ഘാടനവും മന്ത്രി കെ. രാജൻ നിർവ്വഹിച്ചു.

ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് ഹൃദയാരോഗ്യബോധവത്കരണത്തിനായി ജൂബിലി മിഷൻ മെഡിക്കൽ കോളേജും സൈക്കിളേഴ്സ് തൃശ്ശൂരും സംയുക്തമായി നടത്തിയ സൈക്കിൾ റാലിയായ 'ഹാർട്ട് ഓൺ വീൽസ്' ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഫ്ളാഗ് ഓഫ് ചെയ്തു. ഹൈലൈറ്റ് മാളിൽ സി.പി.ആർ. ബോധവത്കരണ ക്ലാസുകളും, ഫ്ളാഷ് മോബും ഉണ്ടായിരുന്നു.

**13-ാമത് അഖില കേരള ന്യൂറോ ക്വിസിൽ ജൂബിലിക്ക് ഒന്നാം സ്ഥാനം**

കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റിന്റെ (KAN) ആഭിമുഖ്യത്തിൽ 13-ാമത് അഖില കേരള ന്യൂറോ ക്വിസ് നടന്നു. ജൂബിലി ഒന്നാം സ്ഥാനംകരസ്ഥമാക്കി

**പെലിക്കാനസ്– 2025 സമാപിച്ചു.**

ആരോഗ്യരംഗത്ത് ജൂബിലിയുടെ സ്ഥാനം സ്തുത്യർഹം - ശശി തരൂർ ആരോഗ്യമേഖലയിൽ മിഷനറി സാന്നിധ്യം നിലനിർ ത്തപ്പെടേണ്ടതാണെും, മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ജൂബിലിയുടെ സ്ഥാനം പ്രശംസാർഹമാണെും ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ കത്തോലിക്ക സഭയുടെ സാന്നിധ്യം എടുത്തു പറയേ ണ്ടതാണെന്നും ശശി തരൂർ അഭിപ്രായപ്പെട്ടു. മിഷനറി കാഴ്ച്ചപ്പാടിൽ ആതുരസേവനം ചെയ്തിരുന്ന ഡോ. എഡൻവാലയുടെ സ്മരണാർത്ഥം

ഏർപ്പെടുത്തിയ പ്രഭാഷണപരമ്പരയിൽ – ആരോഗ്യ മേഖലയിൽ കോർപറേറ്റ് സാന്നിധ്യം അധികരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ മിഷനറി കാഴ്ച്ചപ്പാടിന്റെ പ്രാധാന്യം – എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജൂബിലി മിഷൻ ഹോസ്പിറ്റൽ സ്ഥാപനങ്ങളുടെ സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയുടെയും, അറുപത് വർഷത്തിലേറെ നിസ്വാർത്ഥമായി പ്രവർത്തിച്ച് മുറിച്ചുണ്ട് ശസ്ത്രക്രിയ വിദഗ്ധൻ ഡോ. ഏഡൻവാലയുടെയും സ്മരണാർത്ഥമാണ് വർഷം തോറും 'പെലിക്കാനസ്' നടത്തപ്പെടുന്നത്. ആരോഗ്യമേഖലയിലെ മിഷനറി കാഴ്ച്ചപാട് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2022 ൽ തുടങ്ങിയ ദേശീയതലത്തിലുള്ള നാലാമത് ഹെൽത്ത് കെയർ മിഷനറി അവാർഡിന് ഒഡീഷ്യയിലെ ഖരിയർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗ് അർഹനായി. 50001 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഡോ. അജിത് റൊണാൾഡ് ഗുരുബചൻ സിംഗിന് 'ഹെൽത്ത് കെയർ മിഷനറി' അവാർഡ് നൽകി ആദരിച്ചു. തുടർന്ന് ശശി തരൂരുമായി ഇന്റർആക്റ്റീവ് സെക്ഷൻ നടന്നു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- റിജോ കെ. എസ്, കരുവാൻകുന്നത്ത് ഹൗസ്, ചേലക്കോട്ടുകര, തൃശ്ശൂർ
- ഫ്രാൻസിസ് ഇ. പി, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- സിസ്റ്റേഴ്സ് ഓഫ് മൗണ്ട് കാൽവരി, സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ
- സെന്റ് മേരീസ് ചർച്ച്, കോളങ്ങാട്ടുകര, തൃശ്ശൂർ
- പ്രൊഫ. കെ. പി. മാണി

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ഗീവർഗ്ഗീസ് രാജീവ്, പഴയേടത്ത് ഹൗസ്, കട്ടിലപൂവ്വം

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ് (ഓട്ടോണമസ്)

**1. കോളേജിൽ ബിരുദ സമർപ്പണം നടന്നു**

തൃശൂർ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഇരുപതാമത് ബി. ടെക്. ബിരുദ സമർപ്പണവും പന്ത്രണ്ടാമത് എം. ടെക്. ബിരുദ സമർപ്പണവും നടന്നു. VSSC/ISRO അസോസിയേറ്റ് ഡയറക്ടർ (പ്രൊജക്ട്) ശ്രീ. എസ്. ആർ. ബിജു ഉദ്ഘാടനം ചെയ്തു.

**2. സ്പേസ് ഓൺ വീൽ എക്സിബിഷൻ**

ISRO യും വെട്ടിക്കാട്ടിരി ജ്യോതി എഞ്ചിനീയറിംഗ് കോളേജും സംയുക്തമായി സംഘടിപ്പിച്ച സ്പേസ് ഓൺ വീൽ എക്സിബിഷൻ ഡോ. കെ. എ. അഷ്റഫ് ഉദ്ഘാടനം ചെയ്തു. എക്സിബിഷനിൽ റോക്കറ്റ് മോഡൽസ്, ലോഞ്ചിങ്ങ് വാഹനങ്ങൾ, ഇന്ത്യയുടെ ഇതുവരെ സ്പേസിലേക്ക് അയച്ചിട്ടുള്ള റോക്കറ്റുകളുടെ മോഡലുകൾ എന്നിവ എക്സിബിഷൻ ബസ്സിൽ സജ്ജീകരിച്ചിട്ടുണ്ടായിരുന്നു.

**3. നാസ സ്പേസ് ആപ്സ് ചാലഞ്ച്**

നാസയുടെ ആഭിമുഖ്യത്തിൽ ആഗോളതലത്തിൽ നടത്തി വന്ന നാസ സ്പേസ് ആപ്സ് ചാലഞ്ച് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഒക്ടോബർ 4, 5 തിയ്യതികളിൽ നടത്തുകയുണ്ടായി. ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിക് വേൾഡ് റോബോട്ടിക്സ് ആണ് ഈ മത്സരം ഏറ്റെടുത്ത് നടത്തിയത്. കഴിഞ്ഞ വർഷത്തെ ഹാക്കത്തോണിൽ ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ചത് ജ്യോതി എഞ്ചിനീയറിംഗ് കോളേജാണ്. 426 ടീമുകളായി 4205 പേർ പങ്കെടുത്തു.

**4. അസ്ത്ര ജ്യോതി – മലയാള മനോരമ ക്വിസ് മത്സരം**

മലയാള മനോരമയും ജ്യോതി എഞ്ചിനീയറിംഗ് കോളേജും ചേർന്ന് ജില്ലയിലെ പ്ലസ് ടു വിദ്യാർത്ഥികൾക്കായി അസ്ത്ര ജ്യോതി വാർത്താ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഒന്നാം സമ്മാനം 25,000 രൂപ, രണ്ടാം സമ്മാനം 15,000 രൂപ, മൂന്നാം സമ്മാനം 10,000 രൂപ. ആദ്യ 3 സ്ഥാനക്കാർക്കും ട്രോഫി സമ്മാനിക്കും. 7 സ്കൂളുകൾക്ക് പ്രോത്സാഹന സമ്മാനം ലഭിക്കും. കേരള സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സ്കൂളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 300 സ്കൂളുകൾക്കും ആറു മാസത്തേക്ക്

തൊഴിൽ വീഥി സൗജന്യമായി ലഭിക്കും. പത്ര വായനയിലൂടെ ലഭിക്കുന്ന അറിവിനും പൊതുവിജ്ഞാനത്തിനും കാലിക വിഷയ ങ്ങൾക്കുമാണ് മുൻതൂക്കം നല്കുക.

**ഫാ. ഡേവിഡ് നെറ്റിക്കാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പി.ആർ.ഒ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. സ്വർണ്ണ മെഡൽ ജേതാവ്**

36-ാമത് സൗത്ത് സോൺ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ രണ്ടാം വർഷ ബി.എസ്.സി മാറ്റമാറ്റിക്ക്സ് വിദ്യാർത്ഥി ബിറ്റോ ജോസഫ് സ്വർണം നേടി.

**2. ഫുട്ബോൾ ചാമ്പ്യൻഷിപ്പ്**

സെന്റ്. സ്റ്റീഫൻസ് കോളേജ് ഉഴവൂർ നടത്തിയ 2025-2026 ഓൾ കേരള ഇന്റർ കോളേജിയറ്റ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കോളേജ് ഫുട്ബോൾ ടീം ചാമ്പ്യന്മാരായി.

**3. പാലിയേറ്റീവ് കെയർ സെൻസിറ്റൈസേഷൻ പ്രോഗ്രാം**

പാലിയേറ്റീവ് കെയർ സൊസൈറ്റിയുമായി സഹകരിച്ച് എൻ. എസ്.എസ് (യൂണിറ്റ് 42, 144) സംയുക്തമായി പാലിയേറ്റീവ് കെയർ സെൻസിറ്റൈസേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

**4. ഫോറൻസിക് ഫിംഗർപ്രിന്റ് ഡെവലപ്മെന്റ് ടെക്നിക്കുകൾ**

ഫോറൻസിക് സയൻസ് ഡിപ്പാർട്ട്മെന്റ് ഫസ്റ്റ് ഇയർ യുജി വിദ്യാർത്ഥികൾക്കും ഫോറൻസിക് ഫിംഗർപ്രിന്റ് ഡെവലപ്മെന്റ് ടെക്നിക്കുകൾ എന്ന വിഷയത്തിൽ ഹാൻഡ്-ഓൺ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ശിൽപശാല പൂർത്തിയാക്കിയവർക്ക് സർട്ടിഫി ക്കറ്റുകൾ വിതരണം ചെയ്തു.

**5. ദേശീയ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (എൻ.ഡി.എസ്.എഫ്'25)**

ഡോ. മുത്തുമണി സോമസുന്ദരൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഈ വർഷം, രാജ്യത്തുടനീളം 126-ലധികം എൻട്രികൾ സമർപ്പിച്ചു, ഇത് ഉത്സവത്തിന്റെ വ്യാപകമായ വ്യാപനവും പ്രസക്തിയും പ്രതി ഫലിപ്പിക്കുന്നു. ശ്രദ്ധാപൂർവമായ ക്യൂറേഷനു ശേഷം തിരഞ്ഞെടുത്ത സിനിമകൾ രണ്ടു ദിവസങ്ങളിലായി പ്രദർശിപ്പിക്കുന്നു. 80,000 രൂപ

വരെ സമ്മാനത്തുകയും ഈ ഇവന്റ് വഹിക്കുന്നു, ഇത് ചലച്ചിത്ര നിർമ്മാണ മേഖലയിലെ യുവ പ്രതിഭകളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു സുപ്രധാന വേദിയാക്കി മാറ്റുന്നു.

**6. ഫാർമകോവിജിലൻസ് വാരം**

സുവോളജി ഗവേഷണം ബിരുദാനന്തര ബിരുദ വിഭാഗങ്ങൾ, 'നിങ്ങളുടെ സുരക്ഷ: ക്ലിക്ക് ചെയ്യുക പി.വി.പി.ഐ.യിലേക്ക് റിപ്പോർട്ട് ചെയ്യുക' എന്ന വിഷയത്തിൽ അഞ്ചാം ദേശീയ ഫാർമ കോവിജിലൻസ് വാരം ആഘോഷിച്ചു, ഡോ. ഗിഫ്റ്റ് തിമോത്തി പരിപാടിയുടെ റിസോഴ്സ് പേഴ്സണായിരുന്നു.

**7. തൃശൂർ സെന്റ് തോമസിന് വയലാർ തിളക്കം ഇത് രണ്ടാം തവണ**

നമ്മുടെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന ശ്രീ.എം. കെ. മേനോന് (വിലാസിനി എന്ന തൂലികാനാമമുള്ള)വയലാർ അവാർഡ് 1983 ൽ ലഭിച്ചു. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ നോവലായ അവകാശികൾ എന്ന നോവലിനായിരുന്നു അവാർഡ്. പിന്നീട് 1981-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് 1966-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

**8. പുതിയ ഇനം സസ്യത്തെ കണ്ടെത്തി**

ഇടുക്കി ദേവികുളത്തുനിന്ന് കാപ്പിയുടെ കുടുംബത്തിലെ പുതിയ ഇനം സസ്യത്തെ കണ്ടെത്തി. കാപ്പിയുടെ കുടുംബമായ റൂബിയേസിയയിലെ ഓഫിയോറൈ സാജനുസ്സിലാണ് ഈ പുതിയ സസ്യം ഉൾപ്പെടുന്നത്. തൃശൂർ സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം അദ്ധ്യാപകൻ ജോബി പോൾ, എറണാകുളം തേവര എസ്.എച്ച് കോളേജിലെ പി.ജെ എബിൻ, എറണാകുളം സെന്റ് തെരെസാസ് കോളേജിലെ ശ്രീഹരി എസ് നായർ എന്നീ അധ്യാപകരടങ്ങുന്ന സംഘമാണ് ഈ കണ്ടുപിടുത്തതിന് പിന്നിൽ.

**9. പുസ്തക പ്രകാശനം നിർവഹിച്ചു**

ഇന്റർനാഷണൽ ലെക്ചർ സീരീസ് 3.0 യുടെ ഭാഗമായി ഇംഗ്ലീഷ് റിസർച്ച്, പി ജി വിഭാഗവും സന്തോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ആൻഡ് ഫോറിൻ ലാംഗ്വേജസും ചേർന്ന് പുറത്തിറക്കിയ ട്രാൻസ് ഫോർമേറ്റീവ് പ്രാക്ടിസിസ് എന്ന പുസ്തകത്തിന്റെ പ്രകാശനം കോളേജ് മാനേജർ മാർ. ടോണി നീലങ്കാവിൽ നിർവഹിച്ചു.

**10. മാനസികാരോഗ്യ ദിനം**

അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസുമായി സഹകരിച്ച് സൈക്കോളജി വിഭാഗം ലോക മാനസികാരോഗ്യ

ദിനം ആചരിച്ചു. സേവനത്തിലേക്കുള്ള പ്രവേശനം, ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും മാനസികാരോഗ്യം എന്ന വിഷയത്തിൽ ഡോ. വിനീത് ചന്ദ്രൻ കെ (അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രി ഡിപ്പാർട്ട്മെന്റ്, അമല) ചർച്ച നടത്തി. പ്രതിസന്ധി ഘട്ടങ്ങളിൽ പ്രാപ്യമായ മാനസികാരോഗ്യ സംരക്ഷണത്തിന്റെ ആവശ്യകത ഉയർത്തിക്കാട്ടുകയും ശ്രീമതി. നിജി വിജയൻ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, അമല) മാനസികാരോഗ്യ അത്യാഹിതങ്ങൾ കൈകാര്യം ചെയ്യുന്നതിലും പ്രായോഗിക തന്ത്രങ്ങളിലുമുള്ള വൈദഗ്ധ്യം പങ്കിട്ടു.

**11. അവാർഡ്**

ഡോ. വിമല കെ.ജോൺ എൻ.എസ്.എസ്- മികച്ച പ്രോഗ്രാം ഓഫീസർ അവാർഡ് കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലറിൽ നിന്ന് ഏറ്റുവാങ്ങി. കൂടാതെ റവ.ഡോ.മാർട്ടിൻ കൊളമ്പ്രത്ത്, രജിസ്ട്രാർ-ഡോ.ഡിനോജ് സെബാസ്റ്റ്യനിൽ നിന്ന് മികച്ച എൻ.എസ്.എസ് യൂണിറ്റിനുള്ള അവാർഡ് ഏറ്റുവാങ്ങി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**മെസ്റ്റിൻ പി.സി**
പി.ആർ.ഒ

## കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ..**

1 ശനി – സകല വിശുദ്ധരുടെ തിരുനാൾ, കേരളപ്പിറവിദിനം
7 വെള്ളി – ആദ്യവെള്ളി, വി. കുർബാന, സി.വി. രാമൻദിനം
14 വെള്ളി – ശിശുദിനം, നെഹ്റു ജന്മദിനം
23 ഞായർ – ഈശോയുടെ രാജത്വതിരുനാൾ
30 ഞായർ – വി. അന്ത്രയോസ് തിരുനാൾ

**2. ശിശുദിനം**

നവംബർ 14 വെള്ളിയാഴ്ച ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ!

**3. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്**

ഭിന്നശേഷി സംവരണ വിഷയത്തിൽ ക്രിസ്ത്യൻ മാനേജ് മെൻറ്കളോടുള്ള സംസ്ഥാന സർക്കാരിന്റെ വിവേചനത്തിനെതിരെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതിയുടെ നേതൃ ത്വത്തിൽ സെപ്റ്റംബർ 26 ന് നടന്ന സെക്രട്ടറിയേറ്റ് മാർച്ചിലും ധർണ്ണയിലും ആയിര കണക്കിന് അധ്യാപകരും അനധ്യാപകരും പങ്കെടുത്തു. തൃശ്ശൂർ അതിരൂപതയിൽ നിന്നും മികച്ച പ്രാതിനിധ്യം ഉണ്ടായിരുന്നു. മാനേജ്മെന്റുകൾ ആവശ്യമായ തസ്തികകൾ മാറ്റിവയ്ക്കുന്നില്ലെന്നുള്ള വിദ്യാഭ്യാസ മന്ത്രിയുടെ ആവർത്തിച്ചുള്ള നുണപ്രചരണത്തിന് മറുപടിയായി കാത്തലിക് ടീച്ചേഴസ് ഗിൽഡ് അതിരൂപത സമിതി അതിരൂപതയുടെ കീഴിലുള്ള വിവിധ വിദ്യാ ഭ്യാസ ഏജൻസികളിൽ ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ച തസ്തികകളുടെ സ്ഥിതിവിവര കണക്കുകൾ പുറത്തിറക്കി.

**4. നാമഹേതുതിരുനാൾ**

നവംബർ 30 ഞായറാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുതിരുനാൾ ദിനമാണ്. അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

## ഫാമിലി അപ്പൊസ്തൊലേറ്റ് സെന്റർ

**നവംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്തൊലേറ്റിന്റെ നേതൃത്വ ത്തിൽ നവംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യ തികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 12,13,14 – 19,20,21 – 26,27,28. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊ സ്തൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

വിവാഹജീവിതത്തിന്റെ 5, 10, 25, 50, 60 വർഷങ്ങൾ പിന്നിടുന്ന വിവിധ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരൊത്ത് ദിവ്യബലി അർപ്പിക്കാനും പ്രാർത്ഥനാശംസകൾ നേരാനും ഫാമിലി അപ്പൊസ്റ്റോലേറ്റ് ഒരു അവസരം ഒരുക്കുന്നു. 2020, 2015, 2000, 1975, 1965 തുടങ്ങി വർഷങ്ങളിൽ വിവാഹിതരായവരെയാണ് ഈ ജൂബിലി ആഘോഷങ്ങൾക്ക് ക്ഷണിക്കുന്നത്. ഭാര്യയും ഭർത്താവും ഒരുമിച്ച് പങ്കെടുക്കുവാനുള്ള അവസരമാണ്.

<u>വിവാഹരജത ജൂബിലി</u>

ഡിസംബർ 6, ശനി 9.00 am - 1.00 pm – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ

<u>വിവാഹത്തിന്റെ അഞ്ചാം വാർഷികം</u>

ഡിസംബർ 7, ഞായർ 1.30 pm - 5.00 pm – തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

<u>വിവാഹത്തിന്റെ പത്താം വാർഷികം</u>

ഡിസംബർ 14, ഞായർ 1.30 pm - 5.00 pm – തൃശ്ശൂർ ബസിലിക്ക ദൈവാലയത്തിൽ

വിവാഹത്തിന്റെ സുവർണ്ണ (50) & ഷഷ്ടിപൂർത്തി (60) ജൂബിലികൾ

ഡിസംബർ 20, ശനി 9.00 am - 1.00 pm – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ

ബഹു. അച്ചന്മാർ ഈ കാര്യം ഞായറാഴ്ച്ചയിലെ അറിയിപ്പുകളിൽ ഉൾപ്പെടുത്തി പങ്കെടുക്കുവാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും എത്രയും പെട്ടെന്ന് ഫാമിലി അപ്പൊസ്റ്റോലേറ്റിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ email - familythrissur@gmail.com അല്ലെങ്കിൽ വാട്സപ്പ് നമ്പർ 7736106824 അയക്കുകയോ ചെയ്യുമല്ലോ. ദമ്പതികളെ നേരിട്ട് ഇവിടെനിന്ന് ക്ഷണിക്കുന്നതാണ്.

**നവദമ്പതിസംഗമം – ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം, നവംബർ 16 ഞായർ 9.30 am to 1.00 pm**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ 2025 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് നവംബർ 16 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

'ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ അഭ്യർത്ഥിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2025-2028**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്ക് ആഗസ്റ്റ് മാസത്തിലും ഇലക്ഷൻ നടന്നു കഴിഞ്ഞുവല്ലോ. ഇടവകയിലെ യൂണിറ്റിലെ എല്ലാ ഭാരവാഹികളുടെയും ഇടവക കേന്ദ്രസമിതി പുതിയ ഭാരവാഹികളുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ തുടങ്ങിയവ അതിരൂപത ഓഫീസിൽ ഏൽപിച്ചിട്ടില്ലാത്ത ഇടവകകൾ എത്രയും വേഗം അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ എത്തിക്കുമല്ലോ.

**ഫൊറോന ഇലക്ഷൻ**

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഫൊറോന ഇലക്ഷൻ പൂർത്തിയാക്കേണ്ടതിന്നാൽ ഇലക്ഷൻ നടത്താത്ത ഫൊറോനകൾ എത്രയും പെട്ടെന്ന് അതിരൂപത ഡയറക്ടറുമായി ബന്ധപ്പെട്ട് ഫൊറോന ഇലക്ഷൻ തിയ്യതി അറിയിക്കുമല്ലോ.

**ഉണർവ് - 2025**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് - 2025 കാഞ്ഞാണി, കാവീട്, കുമ്പളങ്ങാട്, പറപ്പൂർ എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഉണർവ്വ് - 2025 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹി

കൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

**കുടുംബകൂട്ടായ്മ പ്രാർത്ഥനാപുസ്തകം, ഹാജർബുക്ക്**

കുടുംബകൂട്ടായ്മകൾക്കാവശ്യമായ പ്രാർത്ഥനാ പുസ്തകങ്ങൾ (വലുത്, ചെറുത്), ഹാജർ ബുക്ക്, ഫ്ളാഗ് എന്നിവ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിലുള്ള കുടുംബകൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. (തിങ്കൾ മുതൽ ശനി വരെ. ഓഫീസ് സമയം –10.00 മുതൽ 12.30 വരെയും 1.30 മുതൽ 4.30 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി



## പിതൃവേദി

**വിഭാര്യരുടെ സംഗമം, നവംബർ 15 ശനി (2.00 മുതൽ 4.30 വരെ)**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ജീവിതപങ്കാളിയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുന്നവരുടെ കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 15–ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിക്കുന്നു. പ്രാർത്ഥനയിലൂടെയും പരസ്പരമുള്ള പങ്കുവയ്പിലൂടെയും വിഭാര്യർ അനുഭവിക്കുന്ന സഹനങ്ങളെ അതിജീവിക്കാനും ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളുടെ ശിഷ്ട സമയത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഈ കൂട്ടായ്മയിലേക്ക് വിഭാര്യരായ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോസഫ് പി. ടി.**
പ്രസിഡന്റ്

## മാതൃവേദി

**മാതൃവേദി സ്കിറ്റ് മത്സര വിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്ക് നടത്തിയ സ്കിറ്റ് മത്സരത്തിൽ അതിരൂപതലത്തിൽ മരത്താക്കര ഇടവക ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആമ്പക്കാട്, മനക്കൊടി ഇടവകകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സമ്മാനാർഹരായ എല്ലാവർക്കും അതിരൂപത മാതൃവേദിയുടെ പേരിൽ അഭിനന്ദനങ്ങൾ. ഫൊറോന തലത്തിൽ ഒന്നാം സ്ഥാനം നേടി. മികച്ച മത്സരം കാഴ്ചവെച്ച വെളപ്പായ, ചൂണ്ടൽ, തയ്യൂർ, ചെങ്ങാല്ലൂർ, ലൂർദ്ദ്, ആറ്റത്തറ, സേവനാലയം, പുത്തൻപീടിക, കാഞ്ഞിരക്കോട്, കൊഴുക്കുള്ളി, വൈലത്തൂർ ഇടവകകൾക്ക് അഭിനന്ദനങ്ങൾ.

**മാതൃവേദി കരോൾഗാന മത്സരം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി നവംബർ, ഡിസംബർ മാസങ്ങളിലായി ഫൊറോന തലത്തിൽ കരോൾഗാന മത്സരം സംഘടിപ്പിക്കുന്നു. അതിരൂപത തലത്തിൽ ഡിസംബർ 16-ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് നടത്തുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

## കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**മരിച്ചവർക്കുവേണ്ടിയുള്ള വി.കുർബാന, നവംബർ 10 തിങ്കൾ 3.00 pm**

സി.സി.ഡബ്ലിയു.ഐ അംഗങ്ങളുടെ നേതൃത്വത്തിൽ മരിച്ചുപോയ തങ്ങളുടെ സംഘടനയിലെ അംഗങ്ങൾക്കും കുടുംബാംഗ

ങ്ങൾക്കും സുഹൃത്തുക്കൾക്കും വേണ്ടി നവംബർ 10-ാം തിയ്യതി തിങ്കളാഴ്ച്ച 3.00 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുന്നു. സി.സി.ഡബ്ല്യു.ഐ അംഗങ്ങളെ എല്ലാവരേയും വി. കുർബാനയിലേക്കും തുടർന്നുള്ള മീറ്റിങ്ങിലേക്കും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**പുതുക്കാട് ഇടവക ദേവാലയത്തിൽ പാരീഷ് ഫെസിലിറ്റേഷൻ സെന്റർ**

പുതുക്കാട് ഇടവക വികാരി പെരിയ ബഹു. പോൾ തേക്കാനത്തച്ചന്റെ നിർദ്ദേശാനുസരണം സഹ. വികാരി ബഹു. ഡെറിൻ അരിമ്പൂർ അച്ചന്റെ നേതൃത്വത്തിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ സഹകരണത്തോടെയാണ് പുതുക്കാട് ഇടവക ദേവാലയത്തിൽ പാരീഷ് ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഇടവകക്കാർക്ക് പള്ളിമുറ്റത്ത് തന്നെ ന്യൂനപക്ഷ അവകാശങ്ങൾ, വിവിധ സർക്കാർ അനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ etc. എന്നിവ ലഭിക്കാൻ ഒരു സ്റ്റാഫിന്റെ സേവനം ലഭ്യമാക്കി കൊണ്ടാണ് PFC office പുതുക്കാട് ഇടവകയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. 50 ഇടവകകളിൽ മാത്രമാണ് PFC പ്രവർത്തനങ്ങൾ ചെറിയ രീതിയിലെങ്കിലും നടക്കുന്നത്. ഇനിയും നമ്മുടെ ഇടവകകളിൽ പി.എഫ്.സി സ്ഥാപിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിരൂപ ഫെസിലിറ്റേഷൻ സെന്റർ സഹായസഹകരണങ്ങൾ ചെയ്യാൻ സന്നദ്ധമാണ്.

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക്, 50,000 രൂപയുടെ ഒറ്റത്തവണ സ്കോളർഷിപ്പ്**

രാജ്യത്തെ പ്രമുഖ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി., ഐ.ഐ.എം., ഐ.ഐ.എസ്.സി. എന്നിവിടങ്ങളിൽ പ്രവേശനം നേടിയ ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. കേരളത്തിലെ ന്യൂനപക്ഷമായി വിവക്ഷി

ക്കപ്പെടുന്ന ക്രിസ്ത്യൻ, മുസ്ലീം, സിഖ്, ജൈന, പാഴ്സി, ബുദ്ധ വിഭാഗങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധിക്കുള്ളിൽ ഒറ്റത്തവണയായി 50,000 രൂപയാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്.

**ക്ലർക്ക്, സ്റ്റേഷൻ മാസ്റ്റർ, ടിക്കറ്റ് സൂപ്പർവൈസർ; 8850 ഒഴിവുകൾ; മെഗാ റിക്രൂട്ട്മെന്റുമായി ഇന്ത്യൻ റെയിൽവേ**

ഇന്ത്യൻ റെയിൽവേ പുതുതായി 8850 ഒഴിവുകളിലേക്ക് മെഗാ റിക്രൂട്ട്മെന്റ് വിളിച്ചിട്ടുണ്ട്. റെയിൽവേ നോൺ ടെക്നിക്കൽ പോപുലർ കാറ്റഗറിയിൽ (NTPC) ഒഴിവുകളിലേക്കാണ് നിയമനം നടക്കുന്നത്. വിവിധ റെയിൽവേ റിക്രൂട്ടമെന്റ് ബോർഡുകൾക്ക് കീഴിലായി നിയമനം നടക്കും. ഗ്രാജ്വേറ്റ്, അണ്ടർ ഗ്രാജ്വേറ്റ് എന്നിങ്ങനെ രണ്ടു വിജ്ഞാപനങ്ങളായാണ് അപേക്ഷ വന്നിട്ടുള്ളത്. താൽപര്യമുള്ളവർ ആർആർബി വെബ്സൈറ്റുകൾ മുഖേന ഓൺലൈൻ അപേക്ഷ നൽകണം.

അപേക്ഷിക്കേണ്ട വിധം

തിരുവനന്തപുരം: www.rrbthiruvanathapuram.gov.in

ബെംഗളൂരു: www.rrbnc.gov.in

ചെന്നൈ: www.rrbchennai.gov.in

**SBI Platinum Jubilee Asha Scholarship 2025: സ്കൂൾ–കോളേജ് വിദ്യാർത്ഥികൾക്ക് നവംബർ 15 വരെ അവസരം**

9 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ, എൻജിനീയറിംഗ് അല്ലെങ്കിൽ മെഡിസിൻ പഠിക്കുന്നവർ, ഐഐഎം വിദ്യാർത്ഥികൾ, അല്ലെങ്കിൽ മറ്റേതെങ്കിലും യുജി– പിജി കോഴ്സ് പഠിക്കുന്നവർ എന്നിവർക്ക് സ്കോളർഷിപ്പ് യോഗ്യതയുണ്ട്. വിദേശത്ത് പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും അപേക്ഷിക്കാം. നടപ്പുവർഷം വിവിധ കോഴ്സുകൾ പഠിക്കുന്ന ഏകദേശം 23,230 മിടുക്കരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകാനാണ് എസ്ബിഐ തീരുമാനം.

യോഗ്യരായ വിദ്യാർത്ഥികൾക്ക് അവരുടെ ട്യൂഷൻ, കോഴ്സസ് ഫീസുകൾ പ്രകാരം 15,000 രൂപ മുതൽ 20 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകാനാണ് എസ്ബിഐ തീരുമാനം. സ്കൂൾ വിദ്യാർത്ഥികളുടെ കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ കൂടുതൽ ആകരുത്. കോളേജ്– മറ്റ് ഉന്നത വിദ്യാഭ്യാസ പഠിതാക്കളുടെ കുടുംബ വരുമാനം 6 ലക്ഷം കവിയരുത്. സ്കോളർഷിപ്പ് യോഗ്യത നേടുന്നതിനു മുൻ അക്കാദമിക് കോഴ്സിൽ അപേക്ഷകർ കുറഞ്ഞത് 75% മാർക്ക് നേടിയിരിക്കണം.

ഉദ്യോഗാർത്ഥികൾക്ക് 2025 നവംബർ 15 വരെ അപേക്ഷിക്കാം. അപേക്ഷ പൂർണമായും ഓൺലൈനാണ്. ഔദ്യോഗിക വെബ്സൈറ്റായ https://www.sbiashascholarship.co.in/ സന്ദർശിച്ച് നടപടികൾ പൂർത്തിയാക്കുക.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com

വെബ്സൈറ്റ് : www.afctcr.com

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**La Familia– ദമ്പതി സായാഹ്നം**

LOAF ന്റെ നേതൃത്വത്തിൽ YOUNG Couples നു വേണ്ടി സംഘടിപ്പിച്ച La Familia ദമ്പതിസായാഹ്നത്തിൽ ട്രിനിറ്റി കപ്പിൾസ് കൂട്ടായ്മയിലെ ദമ്പതിമാരാണ് പങ്കെടുത്തത്. 2.30 മണിക്കൂർ ദൈർഘ്യമുള്ള ദമ്പതിസായാഹ്നം (La Familia) ചെറുപ്പക്കാരായ ദമ്പതിമാർക്ക് നമ്മുടെ ഇടവകയിൽ വന്ന് സംഘടിപ്പിക്കാൻ കുടുംബങ്ങളുടെ സമർപ്പിത സമൂഹമായ ലോഫ് സന്നദ്ധമാണ്.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക്‌വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' നവംബർ 8-ാം തിയ്യതി സെന്റ് മേരീസ് മൈനർ സെമിനാരി, കാച്ചേരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ നവംബർ 23-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോണി തോമസ്**
**& ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന, നവംബർ 3 തിങ്കൾ (വൈകീട്ട് 4.30 മുതൽ 6.00 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം, നവംബർ 9 ഞായർ (വൈകീട്ട് 5.30 മുതൽ 6.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം നവംബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും നവംബർ 9-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**ജീവന്റെ സംരക്ഷണത്തിനും ജീവനെതിരെ ചെയ്തുപോയ പാപങ്ങൾക്കുള്ള പരിഹാരബലി**

നവംബർ 8 ശനി രാവിലെ 10.30, വ്യാകുലമാതാവിൻ ബസിലിക്ക

പള്ളിയിൽ ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 8-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10.30 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്. തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിഹാരബലിയിൽ സംബന്ധിക്കാൻ എല്ലാവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# ചിൽഡ്രൻസ് മിനിസ്ട്രി

**മിഷൻ കളക്ഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ, ജീസസ്സ് ബെർത്ത്ഡേ പാർട്ടി കളക്ഷൻ, വാർഷികറിപ്പോർട്ട്**

തിരുബാലസഖ്യം: 'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെസഹായിക്കട്ടെ' എന്ന ആദർശവാക്യം ഉൾകൊണ്ട് മിഷൻ പ്രദേശങ്ങളിലെ കുഞ്ഞുങ്ങളെ സഹായിക്കാൻ തിരുബാലഖ്യാംഗങ്ങൾ ചെറിയ ഫണ്ട് രൂപീകരണം (മിഷൻ കളക്ഷൻ) യൂണിറ്റ്തലത്തിൽ നടത്തേണ്ടതാണ്.

അൾത്താരസംഘം: ആതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ ചെറിയ ത്യാഗപ്രവർത്തികളിലൂടെ അൾത്താരസംഘാംഗങ്ങൾ ഒക്ടോബർ മാസത്തിൽ പ്രയർ ഫ്രണ്ട് കളക്ഷൻ സമാഹരിക്കുന്നു. അത് തന്നിരിക്കുന്ന പ്രയർ ഫ്രണ്ട് കവറിൽ നിക്ഷേപിച്ച് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ഒപ്പം ഒക്ടോബർ മാസത്തിൽ ഓരോ യൂണിറ്റിലേക്കും ലഭിക്കുന്ന മാലാഖ കുറിപ്പ് ഫോം കുട്ടികൾക്ക് വിതരണം ചെയ്ത് പ്രയർ ഫ്രണ്ടിന് വേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുട്ടികൾ ഓരോ ദിവസവും ചെയ്യുന്ന സൽക്രിയകൾ മാലാഖ കുറിപ്പിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ജൂനിയർ സി.എൽ.സി.: ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് ആതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ എന്ന ലക്ഷ്യവുമായി ജൂനിയർ സി.എൽ.സി അംഗങ്ങൾക്ക് ജീസസ്സ് ബെർത്ത് ഡേ പാർട്ടി എന്ന ഒരു കവർ നൽകിയിട്ടുണ്ട്. ഒപ്പം ജപമാലമാസത്തോട

നുബന്ധിച്ച് യൂണിറ്റ്തല റോസറി കളക്ഷനും നടത്തേണ്ടതാണ്. ഒക്ടോബർ മാസത്തിൽ ഒരു യൂണിറ്റിലെ ജൂനിയർ സി.എൽ.സി. സംഘടനാംഗങ്ങൾ ചൊല്ലുന്ന ജപമാലയുടെ മൊത്തം എണ്ണമാണ് റോസറി കളക്ഷൻ കൊണ്ട് അർത്ഥമാക്കുന്നത്.

ഓരോ യൂണിറ്റിൽ നിന്നും മേൽപറഞ്ഞ പ്രവർത്തനങ്ങളിലൂടെ വിവിധ സംഘടനകൾ ശേഖരിക്കുന്ന സംഖ്യയും, അൾത്താരസംഘത്തിന്റെ പ്രയർ ഫ്രണ്ട് കളക്ഷൻ ഫോമും (മാലാഖകുറിപ്പ്)സംഖ്യയും, ജൂനിയർ സി.എൽ.സി.യുടെ ജീസസ്സ് ബെർത്ത്ഡേ പാർട്ടി കവർ, റോസറി കളക്ഷനും കവറിലാക്കി യൂണിറ്റ് ആനിമേറ്റർ, ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 31 ന് മുമ്പ് വാർഷികറിപ്പോർട്ടിനോടൊപ്പം ഏല്പിക്കേണ്ടതാണ്. അതിരൂപതാതലത്തിൽ ഓരോ സംഘടനയിലും അംഗസംഖ്യയുടെ ആനുപാതികത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്ന യൂണിറ്റിനും, മികച്ച മാലാഖകുറിപ്പിനും, മികച്ച റോസറി കളക്ഷൻ യൂണിറ്റിനും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**സെയിന്റ്സ് ക്വിസ് 2025**

വിശുദ്ധരെക്കുറിച്ച് പഠിക്കുവാനും അവരുടെ ജീവിത മാതൃകകൾ അനുദിനം ഉൾക്കൊള്ളുവാനും തൃശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി.എൽ.സി.യും മിഷൻ ലീഗും സംയുക്തമായി വിശ്വാസപരിശീലന വിദ്യാർഥികൾക്കായി ഈ വർഷവും SAINTS QUIZ 2025 സംഘടിപ്പിക്കുന്നു.

ഇടവകതലം – 2025 നവംബർ 2 ഞായർ, സമയം: 3.00 pm to 3.30 pm

ഫൊറോനതലം – 2025 ഡിസംബർ 7 ഞായർ, സമയം: 3.00 pm to 4.30 pm

അതിരൂപതാതലം : 2026 ജനുവരി 4 ഞായർ, സമയം: 2.00 pm to 4.30 pm

SUB JUNIOR (STD V TO VII), JUNIOR (STD VIII TO X), SENIOR (XI TO ACC) എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് SAINTS QUIZ 2025 ഈ വർഷം നടത്തുന്നത്. ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹ രാകുന്ന കുട്ടികളെ ചേർത്ത് 3 പേര് ഉൾപ്പെടുന്ന ഒരു ടീമായാണ് ഫൊറോനതലത്തിൽ മത്സരിക്കേണ്ടത്. ഓരോ ഫൊറോനയിലും ഒന്നാം സ്ഥാനത്തിന് അർഹമാകുന്ന ഒരു ടീമായിരിക്കും അതിരൂപതതലത്തിൽ മത്സരിക്കും. ഇടവകതലത്തിലും ഫൊറോനതലത്തിലും എഴുത്ത് പരീക്ഷകളായും, അതിരൂപതതലത്തിൽ എഴുത്ത്, ഓഡിയോ, വിഷ്വൽ രീതികളിലായി മത്സരം നടത്തപ്പെടും.

മത്സര പാഠഭാഗങ്ങൾ (Competition Syllabus)

ഇടവകതലം: 100% ചോദ്യങ്ങൾ Saints' Quiz പഠന സഹായിൽ നിന്നു.

ഫൊറോനതലം: 40% ചോദ്യങ്ങൾ Saints Quiz പഠനസഹായിൽ നിന്നു, 30% ചോദ്യങ്ങൾ 2025 ജനുവരി മുതൽ നവംബർ വരെ കത്തോലിക്ക സഭാ പത്രത്തിൽ പ്രസിദ്ധീകരിച്ച 12 വിശുദ്ധരുടെ ജീവചരിത്രത്തിൽ നിന്ന്, 30% ചോദ്യങ്ങൾ 2025 ആഗസ്റ്റ് 1 മുതൽ Children's Minisrty Insatgram & Media Catholic YouTube പേജിലൂടെ പ്രസിദ്ധീകരിച്ച അച്ചാ ഡൗട്ട് റീൽസ് (Day 1 to Day 25) ൽ നിന്നു. അച്ചാ ഡൗട്ട് റീൽസിലെ വചനങ്ങളും ബാധകമാണ്.

അതിരൂപതതലം: 30% ചോദ്യങ്ങൾ Saints Quiz പഠനസഹായിൽ നിന്നു, 30% ചോദ്യങ്ങൾ 12 വിശുദ്ധരുടെ ജീവചരിത്രത്തിൽ നിന്നു, 40% ചോദ്യങ്ങൾ അച്ചാ ഡൗട്ട് റീൽസ് (Day 1 to Day 50)ൽ നിന്നു. അച്ചാ ഡൗട്ട് റീൽസിലെ വചനങ്ങളും ബാധകമാണ്.

<u>അതിരൂപതതല സമ്മാനങ്ങൾ</u>

ഒന്നാം സമ്മാനം : മെമന്റോ, സർട്ടിഫിക്കറ്റ്, 3000/-

രണ്ടാം സമ്മാനം : മെമന്റോ, സർട്ടിഫിക്കറ്റ്, 2000/-

മൂന്നാം സമ്മാനം : മെമന്റോ, സർട്ടിഫിക്കറ്റ്, 1000/-

അതിരൂപതാതലത്തിൽ മത്സരിക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതായിരിക്കും.

സെയിന്റ്സ് ക്വിസിന് ഒരുക്കമായുള്ള പഠനസഹായി Children's Minisrty ഓഫീസ ലഭ്യമാണ്.

<u>തിരുവചനം:</u> ഇവരാണ് വലിയ ഞെരുക്കത്തിൽ നിന്നും വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ' (വെളിപാട് 7:14)

<u>സുകൃതജപം:</u> ഈശോയേ എല്ലാ മരിച്ച വിശ്വാസികളുടെ ആത്മാക്കളുടെമേലും കരുണയായിരിക്കണമേ.

<u>പ്രാർത്ഥനാ നിയോഗം:</u> സ്വന്തം പ്രിയപ്പെട്ടവരുടെ വിയോഗത്തിൽ താങ്ങാൻ ആകാത്ത ദുഖം അനുഭവിക്കുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാം. അവർ ദൈവത്തിൽ ആശ്വാസം നേടട്ടെ.

<u>പരിചയപ്പെടുത്തുന്ന വിശുദ്ധൻ:</u> വിശുദ്ധ ജോസഫാത്ത് (1580-1623): സഭയുടെ ഐക്യത്തിനായി ജീവിച്ച് വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ ജീവൻ ത്യജിച്ച് ക്രിസ്ത്യാനികൾക്ക് ആത്മീയമാതൃകയായ വിശുദ്ധനാണ് വിശുദ്ധ ജോസഫാത്ത്. ജോൺ കുൻസെവിച്ച് എന്ന നാമത്തിലാണ് ജോസഫാത്ത് അറിയപ്പെട്ടിരുന്നത്. അദ്ദേഹം

1580 ൽ പോളിഷ് ലിധ്വാനിയൻ കോമൺവെൽത്തിലെ വോളോഡിമറിലാണ് ജനിച്ചത്. ഈ പ്രദേശം ഇന്നത്തെ ഉക്രൈയ്നിലാണ്. ചെറുപ്പത്തിൽ തന്നെ ജോൺ കത്തോലിക്ക വിശ്വാസത്തിലേക്ക് തിരിഞ്ഞു. പിന്നീട് ബസിലിയൻ സന്യാസസഭയിൽ വ്രതജീവിതം ആരംഭി ക്കുകയും ജോസഫാത്ത് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ജോസഫാത്ത് കർശനമായ ആത്മീയതയും സഭയുടെ ഐക്യത്തിനായുള്ള ശക്തമായ പ്രതിബന്ധതയും കൊണ്ടാണ് അറിയപ്പെടുന്നത്. കിഴക്കൻ ഓർത്തഡോക്സ് സഭയുമായുള്ള വിഭജനം അവസാനിപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഇതുകൊണ്ടു തന്നെ അദ്ദേഹത്തിന് നിരവധി വിരോധികളുമുണ്ടായി. 1618 മുതൽ 1623 വരെ പൊളോട് സ്കിലെ ആർച്ച് ബിഷപ്പായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. 1623 സഭയുടെ ഐക്യത്തിനായി നടത്തിയ പ്രവർത്തനങ്ങളെ പ്രതികൂലമായി കാണുന്ന ആളുകൾ അദ്ദേഹത്തെ കിടപ്പുമുറിയിൽ വെച്ച് കോടാലി ഉപയോഗിച്ച് അടിച്ചുകൊന്നു. 1643ൽ അർബൻ എട്ടാമൻ ജോസഫാത്തിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. പിന്നീട് 1867 പയസ് 9-ാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

<u>പ്രവർത്തനം:</u> ശുദ്ധീകരണ സ്ഥലത്ത് സങ്കടം അനുഭവപ്പെടുന്ന ആത്മാക്കളുടെ നിത്യശാന്തിക്കായി ജപമാലചൊല്ലി കാഴ്ചവയ്ക്കുകയും സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

K.C.S.C **സോണൽ സന്ദർശനം**

ജൂബിലിക്ക് ഒരുക്കമായ KCSCയുടെ സോണൽ സന്ദർശനം ഓഗസ്റ്റ് 30 തീയതി ആബാ ധ്യാന കേന്ദ്രത്തിൽ വച്ച് നടന്നു.

കെഎസ്ഇബിസി കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോൺസൺ തൗണ്ടിയിൽ മുഖ്യപ്രഭാഷണം നടത്തി KCSC വൈസ് കോ-ഓർഡിനേറ്റർ ഷാജി വൈക്കത്ത് പറമ്പിൽ, സെക്രട്ടറി സാബു എം വർഗീസ്, ഫിനാൻസ് കോ-ഓർഡിനേറ്റർ ഫ്രാൻസിസ് പുല്ലൻ, രാജേഷ് പിട്ടാപ്പിള്ളിൽ എന്നിവർ സംസാരിച്ചു. തൃശ്ശൂർ

അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ റോയ് വേളക്കൊമ്പിൽ ആമുഖ സന്ദേശം നൽകി. സോൺ കോ-ഓർഡിനേറ്റർ ഷാജു എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രാർത്ഥന കൂട്ടായ്മ കോ-ഓർഡിനേറ്റർമാർ മിനിസ്ട്രി കോർ ടീം, സബ് സോൺ കോർട്ട് ടീം സോണൽ സർവീസ് ടീം എന്നിവർ കൂട്ടായ്മയിൽ പങ്കെടുത്തു

സെപ്റ്റംബർ 17 തീയതി തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നിര്യാണത്തിൽ തൃശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണം ആദരാഞ്ജലികൾ അർപ്പിച്ചു. സെപ്റ്റംബർ 21 തീയതി ഞായറാഴ്ച ഡോളേഴ്സ് ബസിലിക്ക ദൈവാലയത്തിൽ വെച്ച് നടന്ന പൊതുദർശനത്തിൽ കരിസ്മാറ്റിക് നവീകരണ ശുശ്രൂഷയ്ക്ക് വേണ്ടി ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ അസിസ്റ്റന്റ് ഡയറക്ടർ സിന്റോ പൊന്തേക്കൻ കോ-ഓർഡിനേറ്റർ ഷാജു, സെക്രട്ടറി റോയ്, ട്രഷറർ വിൻസന്റ്, മറ്റു സർവീസ് അംഗങ്ങൾ എന്നിവർ സാരി സമർപ്പിക്കുകയും വിലാപ യാത്രയിൽ പങ്കെടുക്കുകയും ചെയ്തു.

**തിരുസന്നിധി**

സെപ്റ്റംബർ 18 വ്യാഴാഴ്ച ജൂബിലിക്ക് ഒരുക്കമായ തിരുസന്നിധി ശുശ്രൂഷ ആബാ ധ്യാന കേന്ദ്രത്തിൽ രാവിലെ 9.00 മുതൽ 1.00 വരെ നടന്നു വച്ച് നടന്നു.

KCSC ആഹ്വാനം ചെയ്ത ജൂബിലിക്ക് ഒരുക്കമായ മാതൃപാത ഒക്ടോബർ മാസം ഏഴാം തീയതി ജപമാല രാജ്ഞിയുടെ തിരുനാൾ ദിവസം ആബാ ധ്യാനകേന്ദ്രത്തിൽ വെച്ച് രാവിലെ 9.30 മുതൽ 1.30 വരെ നടന്നു

ഒക്ടോബർ മാസം എട്ടാം തീയതി എൽ.എസ്.എസ്. ശുശ്രൂഷകൾ രണ്ടാംഘട്ടം ആബാ ധ്യാനകേന്ദ്രത്തിൽ വച്ച് ആരംഭം കുറിച്ചു. 7 ബുധനാഴ്ചകളിലായി എൽ എസ് എസ് ശുശ്രൂഷകൾ നടന്നുവരുന്നു.

**KCSC സബ് റീജിയൻ ഫോർമേഷൻ പ്രോഗ്രാം**

ഒക്ടോബർ മാസം പത്താം തീയതി നോർത്ത് സെൻട്രൽ സബ് റീജിയൻ തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാട് രൂപതകളിലെ ഫൊറോന സർവീസ് ടീമുകൾക്ക് വേണ്ടിയുള്ള ഫോർമേഷൻ പ്രോഗ്രാം ആബാ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. KCSC കോ-ഓർഡിനേറ്റർ റവ. ഫാ. ജോൺസൺ തൗണ്ടിയിൽ, വൈസ് കോ-ഓർഡിനേറ്റർ ഷാജി വൈക്കത്ത് പറമ്പിൽ, സെക്രട്ടറി സാബു എം വർഗീസ്, രാജേഷ് പിട്ടാപ്പിള്ളിൽ, റവ. ഫാ. ജോ പാച്ചേരിയിൽ എന്നിവർ ക്ലാസുകൾ നയിച്ചു. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളകൊമ്പിൽ ആമുഖ സന്ദേശം നൽകി.

സെപ്റ്റംബർ 17 തീയതി അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നിര്യാണത്തിൽ തൃശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണം അനുശോചനം അർപ്പിച്ചു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

**ഫാ. സിന്റോ പൊന്തേക്കൻ**
അസി. ഡയറക്ടർ

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരിയുടെ വത്സലപിതാവായിരുന്നു അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ്' പിതാവിന്റെ ദേഹവിയോഗം മൂലം കമ്മീസിയം മീറ്റിംഗ് മാറ്റി വെക്കുകയും പിന്നീട് 28/09/25ന് ഞായറാഴ്ച കമ്മീസിയം മീറ്റിംഗ് കൂടുകയും ചെയ്തു. പിതാവിന്റെ വേർപാടിൽ ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയം അഗാധദുഃഖം രേഖപ്പെടുത്തുകയും, സ്വർഗ്ഗത്തിൽ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട പിതാവിന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മരിയൻ സൈനികർ യൂണിഫോം സാരി ധരിച്ച് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ വിലാപയാത്രയിൽ പങ്കെടുത്തു. കമ്മീസിയം പ്രസിഡന്റ് ബ്ര. സണ്ണി കാട്ടൂക്കാരന്റെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മീസിയം മീറ്റിംഗ്, ലീജിയൻ സംഘടനാ വാർഷി കത്തോടനുബന്ധിച്ച് നടത്തിവരാറുള്ള കലാ സാഹിത്യ മത്സരങ്ങൾ നടത്താൻ തീരുമാനിച്ചു.

**ഫാ. ജോൺ മൂലൻ**
ആധ്യാത്മികോപദേഷ്ടാവ്

**സണ്ണി കാട്ടൂക്കാരൻ**
പ്രസിഡന്റ്

## മദ്യവിരുദ്ധസമിതി

**1. 28-ാം വാർഷിക സമ്മേളനം 02.10.2025**

വ്യക്തികൾ മാത്രമല്ല, സമൂഹവും സംവിധാനങ്ങളും മാറണം എന്ന് മുൻ മെൽബൺ രൂപത മെത്രാൻ മാർ ബോസ്കോ പുത്തൂർ പ്രസ്താവിച്ചു. തൃശൂർ പുത്തൻപള്ളി ബസിലിക്കാ ഹാളിൽ

കെ.സി. ബി.സി. മദ്യ– ലഹരിവിരുദ്ധ സമിതി, തൃശൂർ അതിരൂപത സംഘടിപ്പിച്ച 28–ാമത് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. തൃശൂർ ഡോളേഴ്സ് ബസിലിക്കാ റെക്ടർ വെരി റവ. ഫാ. തോമസ് കാക്കശ്ശേരി പതാക ഉയർത്തിക്കൊണ്ട് വാർഷിക സമ്മേളനത്തിന് തുടക്കമായി.

**2. മധ്യമേഖല സമ്മേളനം 11.10.2025**

കെ.സി.ബി.സി. മദ്യ– ലഹരിവിരുദ്ധ സമിതി ഒക്ടോബർ 11 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 12.30 ന് കോട്ടപ്പുറം രൂപതയിലെ വികാസ് ആനിമേഷൻ സെന്ററിൽ വച്ച് മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. കോട്ടപ്പുറം, ഇരിങ്ങാലക്കുട, തൃശൂർ, പാലക്കാട്, സുൽത്താൻപേട്ട് രൂപത–അതിരൂപതകളാണ് സമ്മേളനത്തിൽ പങ്കെടുത്തത്. കോട്ടപ്പുറം രൂപത പ്രസിഡന്റ് ശ്രീ. സേവിയർ പിടിയിലാണ് എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തത്. ശേഷം അജപാലന നേതൃശൈലിയുടെ ആൾരൂപമായിരുന്ന, കാലം ചെയ്ത തൃശൂർ അതിരൂപത മുൻ ആർച്ചുബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി പിതാവിനെ അനുസ്മരിച്ച് മധ്യമേഖല വൈസ് പ്രസിഡന്റ് ശ്രീ. ജോസ് കല്ലിങ്ങൽ അനുശോചനം രേഖപ്പെടുത്തി. വിവിധ യൂണിറ്റുകളിൽ നിന്നായി ധാരാളം പ്രവർത്തകർ പങ്കെടുത്ത യോഗം ഉദ്ഘാടനം ചെയ്തത് കോട്ടപ്പുറം രൂപത വികാരി ജനറാൾ മോൺ. റോക്കി റോബിൻ കളത്തിൽ ആയിരുന്നു.

**3. മുനമ്പം സമരയോദ്ധാക്കൾക്ക് അഭിനന്ദനവും അഭിവാദ്യങ്ങളും**

കഴിഞ്ഞ 365 ദിവസങ്ങളായി സമരം ചെയ്തുകൊണ്ടിരിക്കുന്ന മുനമ്പം നിവാസികൾക്ക് തൃശൂർ അതിരൂപത കെ.സി.ബി.സി. മദ്യ –ലഹരി വിരുദ്ധ സമിതിയുടെ നേതാക്കൾ അഭിവാദ്യങ്ങളും അഭിനന്ദനങ്ങളും അർപ്പിച്ചു. തങ്ങളുടെ ഭൂമി വഖഫ് വക അല്ല എന്ന് വിധിച്ച കേരള ഹൈക്കോടതിക്കും സമിതി ഭാരവാഹികൾ അഭിനന്ദനങ്ങൾ പ്രകടിപ്പിച്ചു. സ്വന്തം റവന്യൂ അവകാശങ്ങൾ എത്രയും വേഗം പുന:സ്ഥാപിച്ചു കിട്ടണം എന്ന നിർബന്ധ ബുദ്ധിയോടുകൂടി സമരരംഗത്ത് തുടരുന്ന മുനമ്പം നിവാസികൾക്ക് സമിതി ഐക്യദാർഢ്യവും പിന്തുണയും പ്രഖ്യാപിച്ചു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ജീസസ്സ് യൂത്ത്

**പോൾ കോഴ്സ്**

ഫോർമേഷൻ കോഴ്സിലെ രണ്ടാമത്തെ കോഴ്സായ പോൾ കോഴ്സ് തൃശ്ശൂരിൽ കഴിഞ്ഞ ഒക്ടോബർ 2 ന് തൃശ്ശൂർ ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽ നടന്നു. ആദ്യത്തെ രണ്ട് സെഷനുകളായ ദൈവ വചനവും, സ്തുതിയുടെയും കൃതജ്ഞതയുടെയും ജീവിതം എന്നിവയാണ് നടത്തപ്പെട്ടത്. രാവിലെ 9.30 ക്ക് തുടങ്ങി വൈകീട്ട് 5.00 മണിക്ക് അവസാനിക്കുന്ന തരത്തിലായിരുന്നു. 44 പേർ കോഴ്സ് പങ്കെടുത്തു. ഫോർമേഷൻ ബേസ് ടീമിന്റെയും,സ്റ്റഡി ഗ്രൂപ്പിന്റെയും,ഫോർമേഷൻ സപ്പോർട്ടിംഗ് ടീമിന്റെയും നേതൃത്യത്തിലാണ് കോഴ്സ് നടത്തപ്പെട്ടത്. ബാക്കിയുള്ള രണ്ട് സെഷനുകൾ ഒക്ടോബർ 20ന് നടത്തപ്പെട്ടു.

**Teens day**

കൗമാരക്കാരുടെ ആത്മീയ ഉണർവിനായി സംഘടിപ്പിച്ച ടീൻസ് ഡേ 2025 പരിപാടി 'പരിശുദ്ധാത്മാവിലുള്ള സന്തോഷം' (Joy in the Holy Spirit) എന്ന മുഖ്യവിഷയത്തിൽ ഊന്നി സെന്റ് വിൻസന്റ് പല്ലോട്ടി സെൻട്രൽ സ്കൂളിൽ വിജയകരമായി സമാപിച്ചു. 2025 ഒക്ടോബർ 2-ന് രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നീണ്ടുനിന്ന ടീൻസ് ഡേ 2025 കൗമാരക്കാർക്ക് പുതിയ ആത്മീയ അനുഭവമായി മാറി. പരിശുദ്ധാത്മാവിൽ നിന്ന് ലഭിക്കുന്ന സന്തോഷമാണ് ദൈവരാജ്യത്തിന്റെ അന്തഃസത്ത എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, റോമ 14:17 (''ദൈവരാജ്യം ഭക്ഷണമോ പാനീയമോ അല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്'') എന്ന തിരുവചനം ഈ ദിനത്തിന് അടിത്തറയായി.

പരിപാടിയുടെ റിസോഴ്സ് പേഴ്സൺ ആയി എത്തിയ ജാക്ക്, മുഖ്യവിഷയത്തെ ആസ്പദമാക്കി കൗമാരക്കാർക്ക് പ്രചോദനം നൽകുന്ന ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ജസീന തന്റെ ദൈവാനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് യുവജനങ്ങൾക്ക് വലിയ ആത്മീയ ഉൾക്കാഴ്ച നൽകി. 56 വളണ്ടിയർമാരാണ് പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചത്. ആത്മീയ കാര്യങ്ങൾക്ക് നേതൃത്വം നൽകിയത് ഫാ. ആൽവിൻ സിയന്ന (ജനറൽ കോർഡി), അമൽ (ടീൻസ് കോർഡി), മറ്റു ടീം അംഗങ്ങൾ പ്രോഗ്രാമിന് നേതൃത്വം നൽകി. ഡിബി (എൽഡർ) പരിപാടികൾക്ക് മാർഗ്ഗനിർദ്ദേശം

നൽകി. കേരള ടീൻസ് പ്രതിനിധിയായി അഖിൽ, അജയ്, അതു പോലെ ജീസസ് യൂത്ത് തൃശൂർ സോണൽ കോർഡിനേറ്റർ ആൽവിൻ സന്നിഹിതനായിരുന്നു.

വിവിധങ്ങളായ കളികളിലൂടെയും, സംഗീതത്തിലൂടെയും, ആത്മീയ ചർച്ചകളിലൂടെയും, ദിവ്യകാരുണ്യ ആരാധനയും പങ്കെടുത്ത എല്ലാവർക്കും ആത്മീയമായി വളരാനും പരിശുദ്ധാ ത്മാവിന്റെ സന്തോഷം അനുഭവിക്കാനും പ്രചോദനമായി.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ബിജോയ് പൊൻപറമ്പിൽ**
അസി.ഡയറക്ടർ

**ആൽവിൻ ഡേവിസ്**
കോർഡിനേറ്റർ

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ ആറാം യോഗ റിപ്പോർട്ട്

19-ാം പാസ്റ്ററൽ കൗൺസിലിന്റെ ആറാമത്തെ യോഗം 2025 സെപ്തംബർ 13ന് അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. ശ്രീമതി ജീന ജോൺസൺ, ശ്രീമതി ജിഷ ജോയ്സൺ എന്നിവർ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഏവർക്കും സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം പാസ്സാക്കി.

അതിരൂപത ചാൻസലർ ഫാ. ഡൊമിനിക് തലക്കോടൻ യോഗനടപടികൾ വിശദീകരിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോഷി വടക്കൻ ആനുകാലിക സാമൂഹ്യ-രാഷ്ട്രീയ സമ്മർദ്ദങ്ങളും സുവിശേഷവത്കരണ ദൗത്യവും-നമ്മുടെ പ്രതികരണങ്ങൾ എന്ന വിഷയം അവതരിപ്പിച്ചു. ഭാരതസഭ ഏറെ പ്രതിസന്ധി

കളിലൂടെയാണ് കടന്നു പോകുന്നതെന്ന് ജോഷി മാസ്റ്റർ ചൂണ്ടി കാട്ടി. കഴിഞ്ഞ 10 വർഷങ്ങളിൽ ക്രിസ്ത്യാനികൾക്കു നേരെ 4316 ആക്രമണങ്ങൾ നടന്നുവെന്നും 2024ൽ മാത്രം ഇതിന്റെ എണ്ണം 834 ആണെന്നത് വിഷയ ത്തിന്റെ ഗൗരവം എടുത്തു കാണിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ദേശീയ ന്യൂനപക്ഷ കമ്മീഷനിലും സംസ്ഥാന ന്യൂനപക്ഷകമ്മീഷനിലുമുള്ള ക്രിസ്ത്യാനികളുടെ അഭാവം അദ്ദേഹം ചൂണ്ടികാട്ടി. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളോട് കാണിക്കുന്ന അവ ഗണന ആശങ്കാജനകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് 10 ഗ്രൂപ്പുകളിലായി നടന്ന ചർച്ചകൾക്ക് ശ്രീ. ഡെയ്സൺ പാണേങ്ങാടൻ, ശ്രീ. എൻ. പി. ജാക്സൺ, ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, ശ്രീ. ഷിന്റോ മാത്യു, ശ്രീ. ജോബി കാക്കശ്ശേരി, ശ്രീ. ജോർജ്ജ് അലക്സ്, ശ്രീ. റോണി അഗസ്റ്റ്യൻ, ശ്രീ. പി. ഐ. ലാസർ, ശ്രീ. ജോമി ജോൺസൻ, ശ്രീമതി എൽസി വിൻസെന്റ് എന്നിവർ നേതൃത്വം നൽകി. ചർച്ചകളുടെ റിപ്പോർട്ടുകൾ അതത് ഗ്രൂപ്പിലെ സെക്രട്ടറിമാരായ ശ്രീ. മിഥുൻ ആന്റണി, ശ്രീ. ഫ്രാൻസിസ് സേവ്യർ, ശ്രീ. ജോസ്, അഡ്വ. രജിത്ത് ആറ്റത്തറ, ശ്രീ. ഫ്രാങ്കോ ലൂവീസ്, അഡ്വ. എഡിസൻ തോമസ്, ശ്രീ. ഫ്രാൻസിസ് നെല്ലിശ്ശേരി, ശ്രീ. ബാബു കവലക്കാട്ട്, ശ്രീ. എം. സി. ജോസഫ്, ശ്രീമതി ജീന ജോൺസൻ തുടങ്ങിയവർ അവതരിപ്പിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പൊതുചർച്ചകളിൽ മോഡറേറ്ററായിരുന്നു.

വിവിധ ഫൊറോനകളിൽ നടന്ന ചർച്ചകളുടെ ക്രോഡീകൃത റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് അവതരിപ്പിച്ചു.

തുടർന്ന് ചർച്ചാവേളയായിരുന്നു. സമുദായ ശാക്തീകരണം പ്രവൃത്തിപഥത്തിൽ എങ്ങനെ നടപ്പാക്കാം എന്ന് ചർച്ചയിൽ പങ്കെടുത്തവർ വിവിധ നിർദ്ദേശങ്ങളോടെ ചൂണ്ടികാട്ടി. വലിയ കുടുംബങ്ങളുടെ പ്രാധാന്യം, യുവജനങ്ങളെ പള്ളിയോട് ചേർത്തു നിർത്തേണ്ടതിന്റെ ആവശ്യകത, രാഷ്ട്രീയരംഗത്തെ സജീവപങ്കാളിത്തം, ബിസിനസ്സ് കൂട്ടായ്മയുടെ ആവശ്യകത, സംഘടനകളിലെ പുതിയ ഭാരവാഹികളുടെ സാന്നിധ്യം, കത്തോലിക്കാ കോൺഗ്രസ്സിന്റെ പുനർസംഘാടനം, കുടുംബങ്ങളുടെ ശാക്തീകരണം, സമുദായ ശാക്തീകരണ ബോധവത്കരണവും റിസോഴ്സ് ടീമിന്റെ ലഭ്യതയും, പാക്ടിന്റെ പ്രവർത്തനം, കർഷക കൂട്ടായ്മകൾ, സർക്കാർ ആനുകൂല്യങ്ങളുടെ ശരിയായ വിനിയോഗം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മോഡറേറ്ററായിരുന്നു.

തുടർന്ന് വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ

അറിയിപ്പുകൾ നൽകി. ഡിസംബർ 27ന് നടക്കുന്ന ബൊൻ നത്താലെയുടെ വിജയത്തിനായി എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സഹകരിക്കണമെന്ന് ഓർമ്മിപ്പിച്ചു. സെപ്തംബർ 20ന് നടക്കുന്ന ഏകോപനസമിതി യോഗത്തിൽ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഉണ്ടാകുമെന്ന് അറിയിച്ചു. വി. കാർലോ അകിറ്റിസിന്റെ ഒരു ചിത്രകഥ യോഗാനന്തരം വിതരണം ചെയ്യുന്നതായി അറിയിച്ചു. കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസിയുടെ സ്റ്റാഫ് സെലക്ഷൻ കമ്മറ്റിയിലേക്ക് ശ്രീ. എൻ. പി. ജാക്സൺ, ശ്രീ. എം. സി. ജോസഫ് എന്നിവരെ തെരഞ്ഞെടുത്തു.

ശൂന്യവേളയിൽ വിവിധങ്ങളായ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. സഭാപരിപാടികളിൽ അത്മായ നേതാക്കളെ ഉൾപ്പെടുത്തി അവരെ വളർത്താൻ ശ്രമിക്കണം, അധ്യാപക നിയമനത്തിൽ സർക്കാരിന്റെ വിവേചനത്തിനെതിരെ പ്രതികരിക്കുക, സഭ വലിയ കുടുംബ സംസ്കാരത്തിന് ഊന്നൽ നൽകുക, വിവാഹ ചടങ്ങുകളിലെ വസ്ത്രധാരണം ഉൾപ്പെടെയുള്ള ധൂർത്ത്, മദ്യ വിമുക്ത ആഘോഷങ്ങൾ, സമുദായബോധം വിശ്വാസപരിശീലന വിഷയമാക്കുക, അത്മായർക്ക് മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരം ഒരുക്കുക, കത്തോലിക്ക കോൺഗ്രസ്സ് പ്രസിഡന്റിനെ പ്രതിനിധി യോഗത്തിൽ ഉൾപ്പെടുത്തുക, വരുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ സഭയുടെ പങ്കാളിത്തം, ജാഗ്രതാസദസ്സിന്റെ പ്രാധാന്യം, പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ കത്തോലിക്ക വനിതകളുടെ പങ്കാളിത്തം തുടങ്ങിയവ വിഷയങ്ങൾ ഉന്നയിക്കപ്പെട്ടു.

സഭാമക്കൾ നിസ്സംഗത വിട്ട് തീഷ്ണതയുള്ളവരാകണമെന്ന് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷപ്രസംഗത്തിൽ ആഹ്വാനം ചെയ്തു. വർഗ്ഗീയശക്തികളും നിരീശ്വര ശക്തികളും സഭയ്ക്കുള്ളിലെതന്നെ ചിലരും സഭയെ എതിർക്കുന്നതായി അഭിവന്ദ്യപിതാവ് പറഞ്ഞു. പുതിയ സാഹചര്യങ്ങളിൽ ഭയപ്പെടാതെ പ്രതികരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടി ചേർത്തു. വിശാഖപട്ടണത്തുള്ള അതിരൂപതയുടെ മിഷൻ സെന്ററിലെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും പറോക് ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ശ്ലാഘനീയമാണെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെടുകയും ചെയ്തു. ഇ.ഡബ്ല്യു.എസ്.നെകുറിച്ച് എല്ലാവരും ബോധവാന്മാരാകണമെന്ന് ഓർമ്മിപ്പിച്ചു. സെപ്തംബർ 21ന് നടക്കുന്ന സമുദായ ജാഗ്രതസമ്മേളനം വൻവിജയമാക്കണമെന്നും ഡിസംബർ 27ന് നടക്കുന്ന ബൊൻ നത്താലെ തൃശ്ശൂരിന്റെതന്നെ തനിമയാകണം എന്നും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

ഫാ. അൽജോ കരേരക്കാട്ടിൽ മീഡിയ കത്തോലിക്കയുടെ

പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഇടവകയിലെ മീഡിയ പ്രവർത്തനങ്ങൾ മീഡിയ കത്തോലിക്കയുമായി കൂട്ടായി പ്രവർത്തിക്കാൻ സാധിച്ചാൽ കൂടുതൽ കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുമെന്ന് ഫാ. അൽജോ കരേരക്കാട്ടിൽ യോഗത്തിൽ പറഞ്ഞു. വിദ്യാഭ്യാസമേഖലയിൽ സമുദായം നേരിടുന്ന വിവേചനത്തിനെതിരെ യോഗത്തിൽ പ്രമേയം അവതരിപ്പിച്ചു. അനുവാചകൻ ശ്രീ. പി. ഐ. ലാസർ, അവതാരകൻ ശ്രീ. എൻ. പി. ജാക്സൺ എന്നിവരായിരുന്നു. യോഗത്തിൽ പങ്കെടുത്തവർക്ക് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ നന്ദി രേഖപ്പെടുത്തി. അഭിവന്ദ്യ പിതാവിന്റെ സമാപനാശീർവാദത്തോടെ ഉച്ചക്ക് 1:30ന് യോഗം പര്യവസാനിച്ചു.

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ ഏഴാമത് യോഗം

**2025 ഡിസംബർ 6 ശനി**

19–ാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാമത് യോഗം 2025 ഡിസംബർ 6 ശനി ഉച്ചക്ക് 1:30ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ചേരുന്നു. പ്രസ്തുത യോഗത്തിൽ അവാർഡ് ജേതാക്കളെ ആദരിക്കുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെല്ലാവരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**കാര്യപരിപാടി**

1:30 pm : രജിസ്ട്രേഷൻ
2:00 pm : യോഗനടപടികൾ
2:20 pm : ചർച്ചാവിഷയാവതരണം
3:00 pm : അധ്യക്ഷപ്രസംഗം
3:15 pm : അവാർഡ്ദാനം
4:30 pm : സമാപനം



**സകലവിശുദ്ധരുടെയും തിരുനാൾ**
നവംബർ 01

**സകല മരിച്ചവരുടെയും ഓർമ്മദിനം**
നവംബർ 02



**ക്രിസ്തുരാജത്വ തിരുനാൾ**
നവംബർ 23

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.10.2025
**November - 2025**



**നവംബർ 30ന്**
**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**
**അഭിവന്ദ്യ മാർ ആൻഡ്രൂസ്**
**താഴത്ത് പിതാവിന്**
**തൃശ്ശൂർ അതിരൂപത മക്കളുടെ**
**പ്രാർത്ഥനാശംസകൾ**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor